പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

നവംബർ 2025



# PISHARODY SAMAJAM GUEST HOUSE


Near Temple Police Station, Melpathoor Road, Thekke Nada, Guruvayoor

Ph: 0487 25 58 801, +91 62 38 743319

online booking: www.pisharodyptdt.com

## TARIFF

| | |
|---|---|
| ORDINARY DOUBLE ROOM | 750 |
| ORDINARY AC DOUBLE ROOM | 1200 |
| ORDINARY ROOM 3 BED | 900 |
| ORDINARY AC ROOM – 3 BED | 1500 |
| AC ROOM – 2 BED WITH TV | 1500 |
| ORDINARY DOORMITORY 8 BED | 1500 |










**AVAILABLE A/C NON A/C AUDITORIUM**

*Online Payments*

PhonePe

Paytm

Google Pay

**AUTO / TAXI ON DEMAND**

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 നവംബർ**

**പുഷ്പം 46 / ദളം 8**

**1201 തുലാം-വൃശ്ചികം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ:
**ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീമതി വൈക സതീഷ്**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. അനൂപ് രാഘവൻ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com



വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്....................................4

പ്രതിഫലനം – കലിയുഗവികൃതികൾ.................6
എ.പി. സരസ്വതി

ലേഖനം – നിർമ്മിത ബുദ്ധി സാഹിത്യം................7
മുരളി വട്ടേനാട്ട്

ലേഖനം – അപജയങ്ങളിൽ നിറയുന്ന
പകർന്നാട്ടങ്ങൾ......................................10
ദേവി അപ്പംകളം

യാത്രാവിവരണം – ദീപാവലി ദിവസത്തെ വനയാത്ര ...14
സി.ജി. മോഹനൻ

കഥ – ദർശനം.......................................15
ടി.ആർ. രഘുനന്ദനൻ

ചെറുകഥ – മുത്തശ്ശിയും പഴഞ്ചൊല്ലുകളും..........21
എ. തുളസി

കൈകൊട്ടിക്കളി പാട്ടുകൾ...........................22
ശ്രീദേവി പി. പിഷാരോടി, കോങ്ങാട്

വൈവാഹികം.......................................25

ശാഖാവാർത്തകൾ...................................26

ആദരാഞ്ജലികൾ.................................33

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# ഉണ്ട്; ഹിന്ദുവിന് ശരിക്കും വേദനിക്കുന്നുണ്ട്.

**വ**ീണ്ടും ഒരു വൃശ്ചികമാസം ആരംഭിക്കുകയായി. ഇനി മണ്ഡലകാലം. മകരവിളക്ക്. നെഞ്ചിൽ നിറഞ്ഞ ഭക്തിയോടെ കറുപ്പുടുത്ത് വൃതമെടുത്ത് ശരണം വിളിച്ച് ഇരുമുടിക്കെട്ടുമായി ലക്ഷോപലക്ഷം സ്വാമിമാർ/മാളികപ്പുറങ്ങൾ ശബരിമലയിലേക്ക് എത്തും. അവരുടെ വേദനകൾ, സങ്കടങ്ങൾ എല്ലാം സ്വാമി പാദത്തിൽ സമർപ്പിക്കും. അവരുടെ കറ തീർന്ന വിശ്വാസത്തിൽ അയ്യപ്പ സ്വാമി അനുഗ്രഹ വർഷം ചൊരിയും. അവരുടെ മനസ്സുകളെ ശാന്തമാക്കും. പകരം ഭഗവാന് ഒട്ടും ആവശ്യമില്ലെങ്കിലും അവർ  അവിടത്തെ ഭണ്ഡാരങ്ങൾ നിറയ്ക്കും. ഭഗവാന്റെ കാര്യങ്ങൾ നന്നായി നടത്താൻ ഉണ്ടാക്കിയിരിക്കുന്ന ദേവസ്വം ബോർഡിൽ സമ്പത്ത് കുമിഞ്ഞു കൂടും. സർവ്വ മത ദൈവമാണ് അയ്യപ്പ സ്വാമി എന്നാണെങ്കിലും ശബരിമല ക്ഷേത്രം ഹിന്ദു ക്ഷേത്രമാണ്. ഭരണം ദേവസ്വം ബോർഡുമാണ്.

ഹിന്ദു എന്ന വാക്ക് തന്നെ ഒരു താർക്കീക വിഷയമായി മാറിയിട്ടുള്ള കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഹിന്ദു എന്നത് ഒരു മതമല്ലെന്നും അതൊരു സങ്കല്പം മാത്രമാണെന്നുമുള്ള സ്വാർത്ഥ താൽപ്പര്യങ്ങളിലൂന്നിയ പുത്തൻ കണ്ടെത്തലുകൾക്ക് മന:പൂർവ്വം നൽകിക്കൊണ്ടിരിക്കുന്ന പ്രചരണങ്ങൾ വർദ്ധിച്ചു വരുന്നു. ഹൈന്ദവ സംസ്കാരം എന്ന ഒരു സംസ്ക്കാരം തന്നെ ഇല്ലെന്നും അല്ലെങ്കിൽ തന്നെ ഈ സംസ്ക്കാരം എന്ന സംഗതി തന്നെ എന്താണെന്നും അവർ വിളിച്ചു പറയുന്നു. രാമായണവും മഹാഭാരതവും ഭാഗവതവുമൊക്കെ ചോദ്യം ചെയ്യപ്പെടുന്നു. ഹിന്ദു ദൈവങ്ങളെ പലപ്പോഴും കോമാളിക്കഥാപാത്രങ്ങളാക്കി ചിത്രീകരിക്കുന്നു. ഞാൻ ഹിന്ദുവാണ് എന്ന് അഭിമാനത്തോടെ പറയാൻ ഇന്ന് പല ഹിന്ദുക്കൾക്കും മടിയാണ്. പകരം എനിക്ക് മതവും ജാതിയുമില്ല എന്ന കപട മുഖങ്ങൾ എടുത്തണിയുന്നു. അവർ ആരെയോ എന്തിനെയൊക്കെയോ പേടിക്കുന്നു. യഥാർത്ഥ ഹിന്ദുക്കൾക്ക് നിശബ്ദരായി വെറും സാക്ഷികളായി മാത്രം ജീവിക്കേണ്ട അവസ്ഥ. ഇവിടെ ഒരു ചോദ്യം കടന്നു വരാം. ആരാണ് യഥാർത്ഥ ഹിന്ദു? സർവ്വം ഏകം എന്നാണ് ഹൈന്ദവ പാരമ്പര്യം നമ്മളെ പഠിപ്പിച്ചിട്ടുള്ളത്. ജനിച്ച മതത്തിൽ അഭിമാനം കൊള്ളുകയും മറ്റു മതങ്ങളെ ആദരിക്കുകയും ചെയ്യുന്നവനാണ് സാധാരണ രീതിയിൽ ഒറ്റ വാക്കിൽ പറഞ്ഞാൽ ഹിന്ദു എന്ന് തോന്നിയിട്ടുണ്ട്. അവനു അവന്റെ സ്വത്വം അപമാനിക്കപ്പെടുമ്പോൾ പൊള്ളും. വേദനിക്കും.

കുറച്ചു കാലമായി ഹിന്ദു വളരെയധികം വേദനിച്ചു കൊണ്ടിരിക്കുകയാണ്. അവന്റെ വിശ്വാസങ്ങളെ, ആചാരങ്ങളെ, പാരമ്പര്യത്തെ അപമാനിക്കാനും നശിപ്പിക്കാനും ഇന്ന് രാഷ്ട്രീയ തലത്തിൽ വലിയ ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

പറഞ്ഞു തുടങ്ങിയത് ശബരിമലയെ പറ്റിയാണ്. ശബരിമല ഇന്ന് യഥാർത്ഥ ഹിന്ദുവിന്റെ നെഞ്ചിലെ തീയാണ്. കടുത്ത വേദനയാണ്. അവന്റെ വിശ്വാസങ്ങളുടെ ശിരസ്സിൽ തന്നെ ആഞ്ഞടിക്കാൻ തീർത്ത ആയുധമാണ്. പലപ്പോഴും ഹിന്ദുവിന്റെ വിശ്വാസങ്ങളെ കളങ്കപ്പെടുത്താൻ മന:പൂർവ്വമായ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നെങ്കിലും അതിന്റെ തീവ്രത അസഹനീയമായ വിധത്തിൽ വർദ്ധിച്ചത് ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കോടതി വിധിയിലൂടെയും ഒരു ആവശ്യവുമില്ലെങ്കിലും അത് നടപ്പാക്കാൻ സർക്കാർ കാണിച്ച ധൃതിയിലൂടെയുമാണ് എന്നത് എല്ലാവർക്കുമറിയാമല്ലോ.

ഇപ്പോഴിതാ സ്വർണ്ണക്കവർച്ച. ശബരിമല സ്വർണ്ണക്കൊള്ള എന്ന പേരിൽ ഇനി വരാനിരിക്കുന്ന കാലമത്രയും ഈ കുപ്രസിദ്ധി നില നിൽക്കും. 'ചെമ്പു തെളിയുക' എന്ന പഴമൊഴി തീർത്തും അർത്ഥവത്തായിരിക്കുന്നു. ഭഗവാന്റെ കിലോക്കണക്കിന് സ്വർണ്ണം ചെമ്പാക്കി മാറ്റി അടിച്ചു മാറ്റി. അതിന്റെ പ്രധാന സൂത്രധാരൻ വർഷങ്ങളായി ശബരിമല ക്ഷേത്രത്തിലെ കീഴ്ശാന്തികളുടെ പ്രധാന സഹായി ആയിരുന്ന ഉണ്ണികൃഷ്ണൻ പോറ്റി. ഒപ്പം മുൻ ദേവസ്വം ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാർ.. അങ്ങനെയങ്ങനെ... ചെറുമീനുകൾ മാത്രമേ വലയിൽ പെട്ടിട്ടുള്ളൂ

എന്നും വലിയവർ ഇപ്പോഴും സുരക്ഷിതരായി സന്തോഷിക്കുകയാണ് എന്നും പറയുന്നു. എന്തായാലും ഇവരെയും നമ്മൾ ഹിന്ദുക്കൾ എന്നു തന്നെയാണ് വിളിക്കുന്നത്. ഹിന്ദു വിശ്വാസങ്ങളെ ചതിച്ചു കൊണ്ടിരിക്കുന്ന കറുത്ത ഹൈന്ദവപ്പൊയ്മുഖങ്ങൾ.

ആ പൊയ്മുഖങ്ങൾ ഇന്ന് സമൂഹത്തിൽ വ്യാപിച്ചിരിക്കുന്നു. കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിൽ ഭക്തർക്ക് നൽകുന്ന ചന്ദനം വൃത്തികെട്ടൊരു വാടകക്കെട്ടിടത്തിൽ മദ്യക്കുപ്പികളുടെ അകമ്പടിയോടെ ബംഗാളികൾ പൈപ്പ് വെള്ളത്തിൽ കുതിർത്തുണ്ടാക്കുന്ന അറക്കപ്പൊടിയാണ് എന്നത് ഞെട്ടലോടെ ആണ് നമ്മൾ കേട്ടത്. കരിപ്രസാദവും അവർ അവിടെ കലക്കി ഉണ്ടാക്കുന്നു. ക്ഷേത്രത്തിൽ വഴിവാടായി നൽകുന്ന നെയ്യും എണ്ണയുമെല്ലാം തുറക്കാതെ തന്നെ ഇവരുടെ അടുത്തെത്തുന്നു. ദേവസ്വം ഭരണാധികാരികളുടെ അനുവാദമില്ലാതെ ഇത് സംഭവിക്കില്ലല്ലോ. അവരും ഹിന്ദുക്കൾ തന്നെയാണെന്നോർക്കണം. ചുറ്റമ്പലത്തിൽ കടക്കാത്ത, ശ്രീകോവിലേക്ക് ഒന്ന് നോക്കുക പോലും ചെയ്യാത്ത ദേവസ്വം ഓഫീസർമാർ ഇന്ന് പല ക്ഷേത്രങ്ങളിലും ഉണ്ടെന്നത് രഹസ്യമല്ല.

ഹിന്ദു ക്ഷേത്രങ്ങൾ ഇന്ന് വെറും ബിസിനസ്സ് കേന്ദ്രങ്ങളാക്കി തീർത്തിരിക്കുന്നു. ഗുരുവായൂരമ്പലത്തിൽ എത്തിച്ചേരുമ്പോൾ നമ്മളെ സ്വീകരിക്കുന്നത് പുറത്തുള്ള ദേവസ്വം പരസ്യ ബോർഡുകളാണ്. 4000 രൂപക്ക് നെയ് വിളക്ക് ശീട്ടാക്കിയാൽ 4 പേർക്ക് ക്യൂവിൽ നിൽക്കാതെ നേരെ പോയി ഗുരുവായൂരപ്പനെ തൊഴാം എന്നിങ്ങനെയുള്ള ഡിജിറ്റൽ സഹിതമുള്ള പരസ്യ ബോർഡുകൾ. ചില ക്ഷേത്രങ്ങളിൽ ശാന്തിക്കാർക്കും ജീവനക്കാർക്കും ബിസിനസ്സ് ടാർജറ്റ് വെച്ചിട്ടുണ്ടെന്ന് കേൾക്കുന്നു. പല പല ക്ഷേത്രങ്ങളിലും അവിടത്തെ ചൈതന്യവുമായി യാതൊരു ബന്ധവുമില്ലാത്ത പുതിയ വഴിവാടുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയുന്നു.

ശബരിമലയിൽ ഭക്തരോടുള്ള ചൂഷണം നിലക്കൽ നിന്നുള്ള കെഎസ്ആർടിസി ബസ് സർവ്വീസിലൂടെ ആരംഭിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന വാഹനങ്ങൾക്ക് നിലക്കൽ വരെ മാത്രമേ യാത്രാനുമതിയുള്ളു. പ്രായമായവരായാലും സ്ത്രീകളായാലും കുട്ടികളായാലും അസുഖമുള്ളവരായാലും പിന്നെയങ്ങോട്ട് തിക്കിത്തിരക്കി ബസ്സിൽ കയറിക്കൊള്ളണം.

ഹൈന്ദവന്റെ ഈശ്വര വിശ്വാസം  രാഷ്ട്രീയക്കാരുടെ തുറുപ്പുശീട്ടാണ്. അവരുടെ സ്വാർത്ഥ താൽപ്പര്യങ്ങൾക്ക് വേണ്ടി  വിശ്വാസങ്ങളെ തകർക്കാൻ ശ്രമിക്കും. രക്ഷിക്കുന്നു എന്ന് നടിക്കും. ശബരിമല ക്ഷേത്രത്തിൽ സ്ത്രീകളെ കയറ്റും. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ അയ്യപ്പ സംഗമങ്ങൾ നടത്തും. വിശ്വാസ സംഗമങ്ങളും  വിശ്വാസ സംരക്ഷണ റാലികളും നടത്തും.

അതേ. മാനിഷാദ എന്ന വിശുദ്ധ മന്ത്രമോതിക്കൊണ്ട് രാഷ്ട്രീയം ഹിന്ദുത്വത്തിന്റെ നിസ്സഹായരായ കിളികൾക്ക് നേരെ നിരന്തരം അമ്പുകൾ എയ്തു കൊണ്ടിരിക്കുകയാണ്. ആ കൺഠനാളങ്ങളിൽ നിന്നുയരുന്ന നിലവിളികൾ വോട്ട് പെട്ടികളിലെ അനുകൂല വോട്ടുകൾ ആവുമെന്ന് അവർ വിശ്വസിക്കുന്നു. പൊതു ജനം കഴുതയാണെന്ന് ആരാണ് പറഞ്ഞത്?

ഈ മണ്ഡലമാസക്കാലത്ത് ഇങ്ങനെയൊന്ന് ചിന്തയിൽ വന്നതാണ്. ഇടക്കെപ്പോഴെങ്കിലും നമ്മൾ നമ്മളിലേക്ക് ഒന്ന് ചുഴിഞ്ഞു നോക്കണ്ടേ? നമ്മൾ നിരന്തരം ചൂഷിതർ ആണല്ലോ എന്ന് ആധി കൊള്ളണ്ടേ? അത്ര മാത്രം.

നവംബർ ഒന്നിന് 69-ാമത് കേരളപ്പിറവി ആയിരുന്നു. എല്ലാവർക്കും ഭക്തിപ്രദമായ നവംബർ ആശംസിക്കുന്നു.

**പത്രാധിപസമിതി.**

## അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്ത അർച്ചന എ. ഹരിക്ക് അഭിനന്ദനങ്ങൾ



**ക**ടമ്പൂർ പിഷാരത്ത് ഹരീഷ് കുമാറിന്റെയും ആനായത്ത് പിഷാരത്ത് എ.യു. ലതയുടെയും മകളാണ്. ഹരിയാന സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എൽഎൽബി കഴിഞ്ഞ് കേരള ഹൈക്കോടതിയിലാണ് അഡ്വക്കേറ്റ് ആയി ജോലിയിൽ പ്രവേശിച്ചത്.

അഡ്വ. അർച്ചന എ. ഹരിക്ക് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ്സൈറ്റിന്റെയും അഭിനന്ദനങ്ങൾ!

പ്രതിഫലനം

# കലിയുഗ വികൃതികൾ



എ.പി. സരസ്വതി

**ശ്രീ**മദ് ഭാഗവതത്തിലെ ദ്വാദശ സ്കന്ധം വായിക്കാൻ തുടങ്ങിയപ്പോഴാണ് ഒന്നും രണ്ടും അദ്ധ്യായങ്ങളിലായി കലികാലം ഈ ഭൂമിയിൽ എന്തെല്ലാം ദോഷങ്ങളുണ്ടാക്കുമെന്നത് വ്യാസാചാര്യർ പ്രവചിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടത്. ആ ദീർഘവീക്ഷണത്തിന്റെ ശക്തി അപരിമേയം എന്നല്ലാതെന്തുപറയാൻ? എന്തു കൊള്ളരുതായ്മ കണ്ടാലും 'കലികാലമല്ലേ? ഇതും ഇതിലപ്പുറവും സംഭവിച്ചാലും അത്ഭുതപ്പെടേണ്ടതില്ല' എന്ന് നമ്മളൊക്കെത്തന്നെ ഇടയ്ക്കിടക്ക് പറയാറുമുണ്ട്. ഭാഗവതപുരാണവും പറയുന്നതിതുതന്നെയാണ്.

കലിയുഗത്തിലെ ഭരണകർത്താക്കൾ അധർമ്മികളും അസത്യവാദികളും ക്ഷുദ്രവസ്തുക്കൾ ദാനം ചെയ്യുന്നവരും അതി ക്രോധശീലരും സ്ത്രീകൾ, കുട്ടികൾ, പശു മുതലായ മൃഗങ്ങൾ, സജ്ജനങ്ങൾ എന്നിവരെ ഹിംസിക്കുന്നവരും പരസ്ത്രീകളിലും പരധനത്തിലും തത്പരരുമായിരിക്കും. ഉദിക്കുന്നതും അസ്തമിക്കുന്നതും മാത്രമറിയുന്നവരും ശക്തിഹീനരും അല്പായുസ്സുകളുമായിരിക്കും. സംസ്കാരശൂന്യരും മടിയന്മാരും രജോഗുണവും തമോഗുണവും നിറഞ്ഞവരുമായിരിക്കും. യഥാ രാജാ തഥാ പ്രജാ എന്നു പറയുന്നതു പോലെത്തന്നെ ജനങ്ങളും അതേ ആചാരങ്ങളും ശീലങ്ങളും പിൻതുടരുകയും ചെയ്യും.

അതുകൊണ്ടുതന്നെ മനുഷ്യന്റെ ഗുണമെന്നത് ധനികത്വവും ധർമ്മന്യായവ്യവസ്ഥയെന്നത് ദേഹശക്തിയും ദാമ്പത്യമെന്നത് കാമപൂരണവും ക്രയവിക്രയങ്ങളെന്നത് കള്ളത്തരവും സ്ത്രീ പുരുഷന്മാരുടെ മഹത്ത്വമെന്നത് ക്രീഡാതത്പരതയും ബ്രാഹ്മണ്യമെന്നത് പൂണനൂൽധാരണവും മാത്രമായിത്തീരും. ആശ്രമങ്ങളിൽ പുറംവേഷവും പാണ്ഡിത്യത്തിൽ സംസ്കാരശൂന്യമായ വാക്കുകളും കുറ്റമാരോപിക്കുന്നതിൽ ദാരിദ്ര്യവും സജ്ജനതയിൽ അഹങ്കാരവും കാരണമാകുന്നു. വിവാഹമെന്നത് പരസ്പര സ്വീകരണം മാത്രമാവും. കുളി എന്നത് അലങ്കാരമാകും. ദൂരത്തുള്ള ഏതെങ്കിലും ജലാശയങ്ങൾ തീർത്ഥസ്ഥാനങ്ങളും കേശാലങ്കാരം സൗന്ദര്യവത്ക്കരണവും ആയിത്തീരും. ഉദരപൂരണം മാത്രമാവും ജീവിതലക്ഷ്യം. ധാർഷ്ട്യമാവും സത്യപ്രകടനം. സ്വന്തം കുടുംബഭരണമാവും ഏറ്റവും വലിയ കഴിവ്. കീർത്തിമാത്രമാഗ്രഹിച്ചാവും ധർമ്മാചരണം. ജനങ്ങൾ ക്ഷാമം, നികുതി, അതിവൃഷ്ടി, അനാവൃഷ്ടി, വ്യാധികൾ എന്നിവകൊണ്ടു വലയും.

ഇങ്ങനെ ദുഷിച്ചവർ മാത്രം നിറഞ്ഞ ഭൂമിയിൽ നാലുവർണ്ണങ്ങളിൽപ്പെട്ടവരിൽ പ്രബലൻ രാജാവാകും. കുറച്ചെങ്കിലും നന്മയുള്ളവരുണ്ടെങ്കിൽ കലിദോഷങ്ങൾകൊണ്ടു പൊറുതിമുട്ടി കാടുകളിലേക്കോ മലമുകളിലേക്കോ ഓടിപ്പോകും. ആശ്രമങ്ങൾ ഭോഗസ്ഥാനങ്ങളാകും. ബന്ധുക്കൾ ജന്മബന്ധം മാത്രമുള്ളവരാകും. ഔഷധികൾ ഗുണമില്ലാത്തവയാകും. വൃക്ഷങ്ങൾ തണൽ നൽകാത്തവയാകും. മേഘങ്ങൾ ഇടിമിന്നൽ മാത്രമുള്ളവയായിത്തീരും.

ഇപ്പറഞ്ഞതിൽ എന്താണിവിടെ അനുഭവിക്കാതെയുള്ളത്? ഭവിതവ്യം ഭവത്യേവ (സംഭവിക്കേണ്ടത് സംഭവിക്കുകതന്നെ ചെയ്യും).

●

## ഡോ. വിനയ് കെ. പിഷാരോടിക്ക് അഭിനന്ദനങ്ങൾ



**വി**നയ് കെ. കണ്ണൂർ ഗവ: ഡെന്റൽ കോളേജിൽ നിന്നും BDS ബിരുദം നേടി. ചെങ്ങനാത്ത് പിഷാരത്തെ കരുണാകര പിഷാരോടിയുടെയും ചിത്രകാരി കൂടിയായ തലയോലപ്പറമ്പ് കളത്തിശ്ശേരി പിഷാരത്തെ രാജി പിഷാരസ്യാരുടെയും മകനാണ് ഡോ. വിനയ്. സഹോദരൻ വിഷ്ണു.

ഡോ. വിനയ് കെ. പിഷാരോടിക്ക് സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ്സൈറ്റ് ടീമിന്റെയും അഭിനന്ദനങ്ങൾ.

ലേഖനം

# നിർമ്മിത ബുദ്ധി സാഹിത്യം



മുരളി വട്ടേനാട്ട്

യന്ത്രങ്ങൾ എഴുതുന്ന കാലമാണിത്. നിർമ്മിതബുദ്ധിയോട് “സാഹിത്യം രചിക്കാനാവുമോ?” എന്നൊരു ചോദ്യം, ചോദിക്കേണ്ട രീതിയിൽ ചോദിച്ചാൽ തീർച്ചയായും നിമിഷങ്ങൾക്കകം അങ്ങനെയൊന്ന് ചമച്ച് തരും.

ഇന്ന് വിപണിയിൽ ലഭ്യമായ മികച്ച AI സംവിധാനങ്ങൾ മലയാളം ഉൾപ്പെടെ അനവധി ഭാഷകളിൽ പ്രാവീണ്യമുള്ളവയാണ്. ChatGPT (OpenAI), Gemini, Claude, Grok, Malayalam.ai, Malayalam GPT (YesChat, ChatGPT versions), SriGPT, ICFOSS Malayalam ChatBot, Malayalam Chat AI (Android App), MALLU GIRL (Character.AI), Kruti (Ola's AI agent) എന്നിവയാണ് പ്രചുരപ്രചാരം നേടിയ ചാറ്റ് ബോട്ടുകൾ. സാഹിത്യരചനയിലേക്ക് കൂടുതൽ പ്രാധാന്യം നൽകി നിർമ്മിച്ചവയാണ് Sudo Write, Raptor Write, Novel Crafter തുടങ്ങിയവ.



മേൽപ്പറഞ്ഞ പലതും ഫ്രീ ആയി ലഭിക്കുമെങ്കിലും അവയ്ക്കൊക്കെ പരിമിതികളുണ്ട്. പൂർണ്ണ തോതിൽ അവ ഉപയോഗിക്കണം എന്നുണ്ടെങ്കിൽ നാം subscription നൽകിയേ പറ്റൂ. ഉദാ: ChatGPT ക്ക് ചുരുങ്ങിയത് മാസം 2000 രൂപ വിലയുണ്ട്.

അത് മാത്രം പോരാ. മേൽപ്പറഞ്ഞ AI കൾ ഉപയോഗിക്കാനും അറിയേണ്ടതുണ്ട്. Chatbot കൾക്ക് prompt കൾ (സൃഷ്ടി എങ്ങിനെ നിർവ്വഹിക്കണം, ആശയം എന്തായിരിക്കണം, കഥാപാത്രങ്ങൾ, കാലഘട്ടം, പരിണാമഗുപ്തി എന്നിവ) നൽകാൻ അറിയണം. തരുന്ന output കൃത്യമായി പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശങ്ങൾ നൽകാനറിയണം.

ഒരു കാര്യം മനസ്സിലാക്കുക. എ.ഐ. ഒരു ഉപകരണം മാത്രമാണ്. ചിന്ത, ഭാവുകത്വം, മനുഷ്യത്വം എന്നിവ എഴുത്തുകാരനു മാത്രം സ്വായത്തമായിട്ടുള്ളതാണ്. AI നൽകുന്ന എഴുത്ത് ശ്രദ്ധാപൂർവ്വം പരിശോധിച്ച് അതിലെ വാക്ക്, ശൈലി, പ്രാദേശികഭാഷാഭേദം, വികാരതീവ്രത എന്നിവയിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ പ്രാപ്തിയുണ്ടെങ്കിൽ മാത്രമേ അതിനെ ‘സാഹിത്യസൃഷ്ടി’യെന്ന് വിളിക്കാനാകൂ. അല്ലാത്തപക്ഷം അത് വെറുമൊരു ഒരു മെഷീൻ റിപ്പോർട്ടായിത്തീരുന്നു – വായനക്കാരന്റെ ഹൃദയം തൊടാത്ത ഒരു യാന്ത്രിക പുനരാവർത്തനം.

സൗജന്യമായി നമ്മുടെ ഫോണിലോ, ലാപ്ടോപ്പിലോ മേൽപ്പറഞ്ഞ Chatbot കളുടെ Free version നമുക്ക് install ചെയ്ത് പരിമിതമായ രീതിയിൽ തീർച്ചയായും ഉപയോഗിക്കാം. നിത്യജീ

വിതത്തിൽ നമുക്ക് അനിവാര്യമായി വരുന്ന ചില കാര്യങ്ങൾക്ക് വേണ്ടി പ്രത്യേകിച്ചും. വ്യാകരണ ത്തെറ്റില്ലാതെ ഒരു കത്തെഴുതുക, ഒരു യോഗ ത്തിന്റെ റിപ്പോർട്ട് വിശദാംശങ്ങൾ മാത്രം നൽകി നല്ല രീതിയിൽ എഴുതി വാങ്ങിക്കുക എന്നിവ ക്കായി ഇവ ഉപയോഗിക്കാം. കൂടാതെ അറിവു കൾ ലഭിക്കുന്നതിനായും ഇത് നല്ല രീതിയിൽ ഉപ യോഗിക്കാവുന്നതാണ്.

ChatGPT സൗജന്യ വേർഷൻ ഉപയോഗിച്ച് ഒരു കഥ എഴുതി വാങ്ങിയത് എങ്ങിനെയെന്ന് കാണിച്ചു തരാം.

ആദ്യം കഥയുടെ അന്തഃസത്ത എന്താണെ ന്നും, പശ്ചാത്തലം എന്താണെന്നും മറ്റും ഉള്ള ഒരു ചെറുവിവരണം അതിന്റെ prompt ബോക്സിൽ നൽകുക. അപ്പോൾ നിമിഷങ്ങൾക്കകം ഒരു കഥ പടച്ചു തരികയായി.

---

prompt

മലയാളത്തിൽ ഒരു കഥ നിർമ്മിച്ച് തരാമോ?

വിഷയം - ദീപാവലി ആഘോഷം, ശബ്ദ അന്തരീക്ഷ മലിനീകരണം, അതിനൊരു പോംവഴി

പശ്ചാത്തലം - ജനസാന്ദ്രതയുള്ള ഒരു നഗരം - ഉദാ. ദില്ലി

കഥാപാത്രങ്ങൾ - ചേരിപ്രദേശത്തു ജീവി ക്കുന്ന ദരിദ്രരായ അനേകായിരങ്ങൾ. ചേരികൾക്ക കലെ ഫ്ളാറ്റ് സമുച്ചയങ്ങളിൽ ജീവിക്കുന്ന മധ്യ വർഗ്ഗ, സമ്പന്ന വർഗ്ഗ ജനത.

മറ്റു വസ്തുതകൾ - അന്തീരക്ഷ മലിനീക രണ റിപ്പോർട്ട്, അന്തരീക്ഷ മലിനീകരണ വിഭാ ഗം, പോലീസ്, ഗവൺമെന്റ്.

---

ഇത്രയും നൽകിയപ്പോൾ നിമിഷങ്ങൾക്കകം ഒരു കഥ പടച്ചു തന്നു. ചെറിയ ചില തിരുത്തലു കൾ നടത്തിയപ്പോൾ കിട്ടിയതാണ് താഴെക്കാണുന്ന കഥ.

## ആത്മാവ് കണ്ടെത്തിയ ദീപാവലി

*ദില്ലിയുടെ മൂടൽമഞ്ഞിൽ, പുകയുടെ തിര ശ്ശീലകൾക്ക് അകത്തുകൂടി സൂര്യന് പകൽ പോലും, വഴിതെറ്റി. ദീപാവലിയുടെ രണ്ടാം രാവാ യിരുന്നു അത് - വെളിച്ചവും പുകയും തമ്മിൽ മത്സരിച്ച ഒരു രാത്രി.*

*ചേരിയുടെ ഇടുങ്ങിയ വഴികളിലൂടെ പൊടിയും വിയർപ്പും കലർന്ന വായുവിൽ ജീവൻ വിറങ്ങലിച്ച് നിൽക്കുകയായിരുന്നു. പത്തു വയ സ്സുകാരൻ മനു ചെവികൾ മൂടി കരഞ്ഞു: "അമ്മേ, ആ പടക്കം പൊട്ടുമ്പോൾ കാതിനകത്ത് തുരങ്കം തീർക്കുന്നത് പോലെ!"*

*ശാന്തമ്മ അവനെ ചേർത്തു പിടിച്ചു. "പടക്കം പൊട്ടുന്നത് മേലത്തെ ഫ്ളാറ്റുകളിലാണ് മോനേ... അവർക്കത് ഉത്സവം. നമുക്കത് ഭയം."*

*അവളുടെ വാക്കുകളിൽ ക്ഷീണവും വ്യസ നവും നിറഞ്ഞു നിന്നു - ഉത്സവത്തിന്റെ വെളിച്ചം അവളുടെ കുടിലിലെത്തുമ്പോഴേക്കും, അത് പുക യായിത്തീരുന്നു.*

*ചേരിയുടെ മുകളിൽ ഉയർന്നു നിൽക്കുന്ന 'ഗോൾഡൻ ഹൈറ്റ്സ്' ഫ്ളാറ്റുകൾ അന്ന് സ്വർഗ്ഗം പോലെ തിളങ്ങി. പടക്കങ്ങൾ ആകാശത്തേക്ക് പൊങ്ങുമ്പോൾ താഴെ നിലത്ത് കുട്ടികളുടെ ചുമയും മുതിർന്നവരുടെ കണ്ണുനീരും ചേർന്ന് മറ്റൊരു ഉത്സവം തീർത്തു - കണ്ണീരിന്റെ ദീപാവ ലി.*

*പിറ്റേന്നത്തെ പത്രങ്ങളിൽ വൻ തലക്കെട്ട് - "ദില്ലി വിഷവായുവിൽ മുങ്ങി: AQI 700 കവിഞ്ഞു"*

*മലിനീകരണ വിഭാഗം അടിയന്തര യോഗം വിളിച്ചു.*

*അന്തരീക്ഷ മലിനീകരണ ബോർഡിലെ ഓഫീസർ രഞ്ജിത്ത് കുമാർ തലകുനിച്ചു കൊണ്ട് വാർത്താ മാധ്യമങ്ങളോട് പറഞ്ഞു: "പടക്കങ്ങൾ പൊട്ടിച്ചത് സമുച്ചയങ്ങൾ. പക്ഷേ പുക വിഴുങ്ങു ന്നത് ചേരികളിലെ മനുഷ്യർ."*

*പോലീസ് റിപ്പോർട്ടുകളും ഗവൺമെന്റ് ഉത്തരവുകളും പുറത്തിറങ്ങി - പടക്കങ്ങൾക്ക് നിയ ന്ത്രണം, ശബ്ദത്തിന് പരിധി. പക്ഷേ ആരാണ് കേട്ടത്?*

*അന്ന് രാത്രി, ചേരിയിലെ ചെറുകുട്ടികൾ വേറൊരു തീരുമാനം എടുത്തു. "നമുക്കു നമ്മുടെ ദീപാവലി വേണം." മനു പറഞ്ഞു.*

*അവർ പഴയ പ്ലാസ്റ്റിക് ബോട്ടിലുകൾ വൃത്തി യാക്കി അതിനുള്ളിൽ ചെറു എണ്ണവിളക്കുകൾ വെച്ചു. ഓരോ കുടിലിന്റെയും മുന്നിൽ അവർ വെളിച്ചം തെളിച്ചു. പടക്കമില്ല, പുകയില്ല - പക്ഷേ അതിലുണ്ടായിരുന്നു മനസ്സിന്റെ നന്മയൂറുന്ന വെളി ച്ചം.*

*അവരുടെ ചെറു ആഘോഷം ഫ്ളാറ്റ് മാളി കകളിൽ നിന്നുമുള്ള ചില യുവാക്കളുടെ കണ്ണിൽ പെട്ടു. അവർ ആ ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി, സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു. #GreenDiwali #LightNotSmoke*

*വൈറലായ ആ ദൃശ്യങ്ങൾ ഒരുകൂട്ടം ആളു*

*കളെ ചിന്തിപ്പിച്ചു. അടുത്തവർഷം 'ഗോൾഡൻ ഹൈറ്റ്സ് റെസിഡന്റ്സ് അസോസിയേഷൻ തീരുമാനിച്ചു:*

*"ഇനി മുതൽ പടക്കമില്ലാ ദീപാവലി – ശബ്ദമില്ലാത്ത സന്തോഷം."*

*അന്തരീക്ഷ മലിനീകരണ വിഭാഗം ആ കൊച്ചു കുട്ടികളോട് കടപ്പാട് അറിയിച്ചു. മനുവിനും കൂട്ടുകാർക്കും "Green Citizens Award" നൽകി ആദരിച്ചു.*

*പുരസ്കാരവേദിയിൽ മനു മൈക്കിൽ പറഞ്ഞു: "പടക്കങ്ങൾ ആകാശം പൊട്ടിക്കുമ്പോൾ സന്തോഷം കിട്ടിയെന്നു തോന്നും. പക്ഷേ മറ്റൊരാളുടെ ശ്വാസം രക്ഷിക്കുന്ന ഒരു വിളക്ക് തെളിയിക്കുമ്പോഴാണ് ദീപാവലി യഥാർത്ഥമായി തെളിയുന്നത്."*

*സമൂഹം നിശബ്ദമത് കേട്ടു. ആ ശബ്ദരഹിത സത്യത്തിന് ഒരുപാട് ശക്തിയുണ്ടായിരുന്നു.*

*അന്ന് രാത്രി, പുകയില്ലാത്ത ആകാശത്തിന് കീഴിൽ, ശാന്തമ്മയുടെ കുടിലിന്റെ മുന്നിൽ ചെറു ദീപങ്ങൾ വീണ്ടും തെളിഞ്ഞു. നിശ്ശബ്ദമായൊരു വെളിച്ചം, ഒരാൾക്കും ദോഷമില്ലാത്ത സന്തോഷം.*

*പടക്കങ്ങളുടെ പാറിപ്പൊട്ടലില്ലാതെ – ദീപാവലി ഒടുവിൽ തന്റെ ആത്മാവിനെ കണ്ടെത്തിയ രാത്രി.*

---

പക്ഷെ, ഇതൊരു ഉത്തമ കഥയാണോ? അല്ല എന്ന് കുറച്ചെങ്കിലും സാഹിത്യാഭിരുചിയുള്ള ഏതൊരാളും സമ്മതിക്കും. അതിലെ ആദ്യ ഖണ്ഡികയിൽ തുടങ്ങി പല ഭാഗങ്ങളിലും കല്ലുകടി അനുഭവപ്പെടുന്നുണ്ട്.



ഒരു ആദ്യരൂപം ഉണ്ടാക്കാനും, ആദിമധ്യാന്ത രൂപമുണ്ടാക്കാനും തീർച്ചയായും AI യെ ഉപയോഗിക്കാം. പക്ഷെ അവ തരുന്ന output ഉപയോഗിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി തിരുത്തിയെഴുതി നാം അതിനെ ജീവസ്സുറ്റതാക്കാൻ ശ്രമിക്കണം. അപ്പോഴേ അതിനെ സാഹിത്യ സൃഷ്ടി എന്ന് വിളിക്കാനാവൂ. അല്ലാത്തിടത്തോളം അവയെ ചവറ് എന്ന് മാത്രമേ പറയാനാവൂ.

ചിന്തിക്കുന്ന കമ്പ്യൂട്ടറുകളുടെ കാലത്ത് സമൂഹത്തിന്റെ അവസ്ഥ മാറുമെങ്കിലും ഇന്നത്തെതിലും തീവ്രമായ വൈകാരികതയോടെയും സത്യസന്ധതയോടെയും നെഞ്ചുവിരിച്ച് നിൽക്കാൻ സാഹിത്യത്തിന് കഴിയുമെന്നും വൈകാരികതയും സ്നേഹവും നിരന്തരം കൊടുത്തുകൊണ്ടിരിക്കുന്നതാണ് സാഹിത്യം. സമൂഹത്തിൽ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതിരിക്കുമ്പോൾ ഇവിടെ സാഹിത്യമുണ്ടാകും എന്നും എഴുത്തുകാരൻ സന്തോഷ് ഏച്ചിക്കാനം പറയുന്നു.

ഭാവുകത്വം ലവലേശമില്ലാത്ത എഴുത്ത് മലയാളത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് കവിയും നോവലിസ്റ്റും നിരൂപകനുമായ കല്പറ്റ നാരായണൻ. നന്മതിന്മകൾക്കതീതമായി സ്വാതന്ത്ര്യം ആവിഷ്കരിക്കുന്നതാണ് സാഹിത്യം. പുതിയ എഴുത്തിന് രണ്ടു വെല്ലുവിളികളുണ്ട്. ഒന്ന് ആർട്ടിഫിഷൽ ഇന്റലിജൻസിന്റേതാണ്. ഇതുവരെയില്ലാത്തതു സൃഷ്ടിക്കുന്നതാണ് സർഗാത്മകത. അതിന് എ.ഐക്കു കഴിയില്ല. നിലവിലുള്ളതിന്റെ പുനഃസൃഷ്ടി മാത്രമാണ് എ.ഐക്കു നടത്താനാവുക.

മുരളി തുമ്മാരുകുടി പറയുന്നത് കൂടി കേൾക്കാം. പ്രവീൺ പരമേശ്വരന്റെ മകൻ ഓംകാർ പരമേശ്വർ എഴുതിയ ഒരു സയൻസ് ഫിക്ഷൻ നോവലാണ് 2060 The Covid Returns, but in the Metaverse. ചാറ്റ് ജിപിടിയാണ് പുസ്തകത്തിന്റെ അവതാരിക എഴുതിയിട്ടുള്ളത്. ചിത്രങ്ങൾ നിർമ്മിതബുദ്ധി ഉപയോഗിച്ച് ഉണ്ടാക്കിയതാണ്. പുസ്തകം താളിയോലയിലാണോ പേപ്പറിൽ ആണോ കിൻഡിലിൽ ആണോ അതോ വായ്മൊഴി ആണോ എന്നതല്ല പ്രധാനം. അതിന്റെ വായനാനുഭവമാണ്. അത് ചാറ്റ് ജിപിടിയുടെ സഹായത്തോടെയോ ചാറ്റ് ജിപിടി മൊത്തമായിട്ടോ ആണ് നൽകുന്നതെങ്കിൽ നമുക്ക് വിഷമമൊന്നുമില്ല. വായനാനുഭവം ഉണ്ടായിരിക്കണം, നമ്മോട് സംവദിക്കണം.

അതെ, ആത്യന്തികമായി സാഹിത്യം ജീവസ്സുറ്റതാകണം, പുതുതായൊന്ന് പറയാൻ ശ്രമിക്കുന്നത്, സൃഷ്ടിക്കുന്നതാവണം. വായനക്കാരനോട് സംവദിക്കുന്നതാവണം. ●

ലേഖനം

# അപജയങ്ങളിൽ നിറയുന്ന പകർന്നാട്ടങ്ങൾ



ദേവി അപ്പംകളം

**ആ**ദ്യമേ പറയട്ടെ, കഥകളിയെക്കുറിച്ചോ ശാസ്ത്രീയ നൃത്തരൂപങ്ങളെക്കുറിച്ചോ മറ്റേതെങ്കിലും ക്ഷേത്രകലകളെക്കുറിച്ചോ ഉള്ള ഒരു ഗവേഷണ വിദ്യാർത്ഥിയോ അവയുടെ ചിട്ടവട്ടങ്ങളെക്കുറിച്ചോ വിവിധ കഥകളെക്കുറിച്ചോ ആധികാരികമായി പറയുവാൻ അറിയുന്ന ഒരു വ്യക്തിയോ അല്ല ഞാൻ. എങ്കിലും ഈ അടുത്ത കാലത്ത് ഈ കലകളുടെ അവതരണത്തിൽ കണ്ട ചില അപജയങ്ങൾ (എന്റെ കാഴ്ചപ്പാടിൽ) സൂചിപ്പിക്കുന്നു എന്ന് മാത്രം.

ശില്പവിദ്യ, ചിത്രകല തുടങ്ങിയവയെപ്പോലെ സംഗീതം, നാട്യം, നൃത്തം, വാദ്യം മുതലായ ലളിതകലകൾക്കും ക്ഷേത്രങ്ങൾ രംഗവേദികളായിരുന്നു.

പൂരക്കളി, മറുത്തുകളി, കളമെഴുത്ത്, മുടിയേറ്റ്, തീയാട്ട്, തിറയാട്ടം, പാന മുതലായ അനുഷ്ഠാനകലകൾക്കും ഇന്ന് പരിഷ്കൃതമായിക്കൊണ്ടിരിക്കുന്ന കൂടിയാട്ടം, കൂത്ത്, പാഠകം, അഷ്ടപദിയാട്ടം, കൃഷ്ണനാട്ടം, കഥകളി, തുള്ളൽ, മോഹിനിയാട്ടം തുടങ്ങിയ നാട്യകലകളും ക്ഷേത്രകലകൾക്ക് ഉദാഹരണങ്ങളാണ്.

ക്ഷേത്രകലകൾ (പ്രത്യേകിച്ച് കഥകളി, കൃഷ്ണനാട്ടംകളി, ഓട്ടൻതുള്ളൽ, ചാക്കിയാർകൂത്ത്, പാഠകം തുടങ്ങിയവ) വളരെ മുൻപുതന്നെ പുരാണകഥകളെ ആസ്പദമാക്കി ക്ഷേത്രങ്ങളിൽ മാത്രമാണ് അരങ്ങേറിയിരുന്നത്. കാലക്രമേണ അതിന് കൊടുക്കേണ്ട പ്രാധാന്യം കുറഞ്ഞുവരുന്നതായും തദ്വാരാ ഈ കലകൾക്ക് കിട്ടിയിരുന്ന മൂല്യവും അവയുടെ വിശ്വാസ്യതയും ദിനംപ്രതി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ അവസ്ഥക്ക് കാരണം എന്താണ്?

അടുത്തിരുന്നു കാണുന്ന പ്രേക്ഷകന്റെ ഉള്ളിലേക്ക് കഥാപാത്രത്തെ തടസ്സങ്ങളില്ലാതെ സന്നിവേശിപ്പിക്കാൻ പോരുന്ന ഏറ്റവും ശക്തമായ കലാമാധ്യമങ്ങളാണ് നിറങ്ങളും, സംഗീതവും, മേളവും, നാട്യവും, നൃത്തവും, മനോധർമ്മവും സമഞ്ജസമായി സമ്മേളിക്കുന്ന കഥകളി.

ഇന്ന് കഥകളിക്ക്, മുൻപത്തെ അപേക്ഷിച്ചു പ്രേക്ഷകർ കൂടിയിട്ടുണ്ട്.

കൂടാതെ കഥകളി, വലിയ അരമനകളിൽനിന്നും ചെറിയ ക്ഷേത്രപ്പറമ്പുകളിലേക്കും കലാസമിതി ആഘോഷങ്ങളിലേക്കും ഇറങ്ങിവന്നിട്ടുണ്ട്.

കൂടാതെ എല്ലാ വർഷവും വിവിധ തലങ്ങളിലായി കൊണ്ടാടുന്ന സ്കൂൾകലോത്സവങ്ങളിലും ഒഴിച്ചുകൂടാത്തതായി കാപ്സൂൾ കഥകളിയും ഉണ്ട്. കഥകളി ക്ലബ്ബുകളും നാട്ടിൻപുറങ്ങളിൽ പോലും കഥകളിയ്ക്ക് വേദിയാകുന്നുണ്ട്.

കാലങ്ങളായി കഥകളി ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. പുലരുംവരെ കഥകളി എന്ന രീതി തന്നെ മാറി.

രണ്ടോ മൂന്നോ മണിക്കൂർ കൊണ്ട് തീരുന്ന കഥകളിയാണ് ഇപ്പോൾ ഏറെയും.

ഉറക്കമൊഴിച്ച് കഥകളി കാണുന്നതിന് സമയവും മനസ്സാന്നിദ്ധ്യവും പലർക്കും ഇല്ല.

പഴയ ആട്ടക്കഥയിലെ 'വധ'ങ്ങൾക്കുപകരം പുതിയ കഥകൾ, (കലാമണ്ഡലവും പി.എസ്.വി. നാട്യസംഘവും പുതിയ കഥകൾ രംഗത്ത് അവതരിപ്പിച്ചിട്ടുണ്ട്)

ആട്ടവിളക്കിന്റെ ശോഭയിൽ മാത്രം കണ്ടിരുന്ന വേഷങ്ങൾ ഇന്ന് ഫ്ളൂറസെന്റ് വെളിച്ചത്തിൽ വെട്ടിത്തിളങ്ങാൻ തുടങ്ങി.

പുരുഷാധിപത്യം കൊടികുത്തി വാണ കഥകളിയിൽ ധാരാളം സ്ത്രീകൾ എത്തപ്പെടുന്നതും ശ്ലാഘനീയമാണ്. കഥകളിയിലെ ആട്ടകഥ മുതൽ സംഗീതം വിവിധ വേഷങ്ങൾ എന്നിവയിലും സ്ത്രീകൾ പ്രായഭേദമന്യെ അരങ്ങേറപ്പെടുന്നു.

സ്റ്റേജിൽ (തറയിൽ) നിറഞ്ഞാടുന്ന പച്ചയും കത്തിയും വേഷങ്ങൾ, പല തലങ്ങളിലുള്ള സ്റ്റേജിലും കാണികൾക്കിടയിലും വാദ്യോപകരണങ്ങ

ളുടെ അകമ്പടിയോടെ ആടി നീങ്ങുന്ന കാഴ്ച്ച അടുത്ത കാലത്ത് കലാമണ്ഡലം കൂത്തമ്പലത്തിൽ കാണുകയുണ്ടായി. ഏർനെസ്റ്റ് ഹെമിംവേയുടെ "Oldman and the sea" യുടെ കഥകളി ഭാഷ്യമായ 'കിഴവനും കടലും' നല്ലൊരു രംഗവേദിയാണ് ഒരുക്കിത്തന്നത്.

കടലും മത്സ്യവും കഥാപാത്രങ്ങളായി വരുന്ന ഈ കഥ വ്യത്യസ്തമായ ഒരു ദൃശ്യാനുഭവം നൽകി.

ഇംഗ്ലീഷ് സാഹിത്യത്തിലെ ഒഥല്ലോ (സദനം), കിങ് ലിയർ, ടെമ്പസ്റ്റ് (കലാമണ്ഡലം.), കഥകളിയായി രംഗത്ത് അവതരിപ്പിച്ചിട്ടിണ്ട്. (ഇതു യൂറോപ്യൻ പ്രേക്ഷകരെ മുന്നിൽ കണ്ടാണെന്ന ആക്ഷേപം നിലനിൽക്കുന്നു.)

മലയാളത്തിലെ പ്രശസ്ത കഥകളോ നോവലുകളോ ഇങ്ങനെ ആട്ടകഥയാക്കികൂടെ? (ആട്ടകഥ ഉണ്ടോ എന്നറിയില്ല)

വള്ളത്തോളിന്റെ ശിഷ്യനും മകനും, മഗ്ദലന മറിയം, നാഗില എന്നിവയും കുമാരനാശാന്റെ കരുണയും ടാഗോറിന്റെ ചിത്രയും ചണ്ഡാലികയും ബിസർജനും ആട്ടക്കഥകളായിട്ടുണ്ട്. (വികാസ്പീഡിയ)

മാതൃഭൂമിയിൽ 'കേട്ടതും കേൾക്കേണ്ടതും' എന്ന പംക്തിയിൽ ശ്രീ. കലാമണ്ഡലം രാമൻകുട്ടി ആശാൻ പറഞ്ഞതു ശ്രദ്ധിക്കൂ:

"ദൃശ്യഭംഗിക്കുവേണ്ടി കഥകളിവേഷത്തെ സിനിമയിലും സീരിയലിലും അപമാനിക്കുകയാണ്. ഒരു പ്രധാന മലയാളനടനെ ഇങ്ങിനെ വേഷം കെട്ടിച്ചു. കഥകളിയറിയാത്ത അദ്ദേഹത്തെ എട്ടും പത്തും വർഷം കഥകളി പഠിച്ച എന്റെ ശിഷ്യന്മാർ തന്നെയാണ് വേഷം കെട്ടിച്ചത്. വേഷം കെട്ടിച്ച് ഫോട്ടോ എടുക്കാനേ ഇത്തരം ആളുകളെ കൊള്ളൂ".

എത്ര സത്യം! ഒരാവശ്യവുമില്ലാതെ ഇന്നു പല ഗാനരംഗങ്ങളിലും കഥകളി വേഷത്തെ ഉൾപ്പെടുത്തുന്നുണ്ട്. കഥകളികലാകാരന്മാരുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയെ ചൂഷണം ചെയ്യുകയാണ് ഇവിടെ. ഒരു രാത്രി കഥകളി ആടുന്നതിലും കൂടുതൽ പണം, ഒരു ഷോട്ടിൽ വേഷം കെട്ടി നിന്നാൽ ലഭിക്കുമായിരിക്കും, എങ്കിലും കഥകളി എന്ന കലയോട് ചെയ്യുന്ന അനീതിയല്ലേ അത്? ആവശ്യമെങ്കിൽ കഥകളി ഉപയോഗിക്കുന്നതിൽ തെറ്റില്ല. മണിച്ചിത്രത്താഴിൽ കഥകളി കാണുന്ന ഒരു രംഗമുണ്ട്. അവിടെയാവാം പക്ഷെ, ലജ്ജാവതിയിലെപ്പോലെ കഥകളിവേഷത്തെ ഊഞ്ഞാലാട്ടേണ്ടതുണ്ടോ?

ഒരു സിനിമാനടനോ, നാടകനടനോ, പ്രൊഫഷണൽ ഡാൻസർക്കോ കിട്ടുന്ന പ്രതിഫലവും സാമൂഹ്യപ്രശസ്തിയും പത്തിരുപതുകൊല്ലം അശ്രാന്തപരിശ്രമം ചെയ്ത് കഥകളിനടനായ ഒരാൾ



ക്ക് കിട്ടിയില്ലെങ്കിൽ അയാൾ അതിനെ തേടി പോകുന്നതിൽ തെറ്റു കാണാൻ കഴിയില്ല.

കേരളത്തിന്റെ തനതായതും ശ്രേഷ്ഠമായതും പവിത്രവും പാവനവുമായ കഥകളി പോലുള്ള കലാരൂപം പരസ്യത്തിനും മറ്റുമായി ഉപയോഗിക്കുന്ന രീതി ഇപ്പോൾ വിപുലമായിക്കൊണ്ടിരിക്കുന്നു. എങ്കിലും വെറും പണത്തിനു മാത്രം ഒരു മഹനീയകലയെ ഇങ്ങനെ വിറ്റ് കാശാക്കുന്നത് കഷ്ടം തന്നെ.

വിവാഹത്തിന്, വരനും വധുവും ഇപ്പോൾ സ്റ്റേജിലേക്ക് ഒരുങ്ങി വരുന്നത് ഒരു കഥകളി വേഷത്തിന്റെ അകമ്പടിയോടെയാണ്. (അത് ചിലപ്പോൾ കത്തിവേഷമാകാം). ചിലപ്പോൾ മോഹിനിയാട്ടക്കാരും പിന്തുടരും.

ഇപ്പോൾ ഇത് സംഘടിപ്പിച്ചു കൊടുക്കുന്ന ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ സജീവമാണ്. പ്രത്യേകിച്ച് ഗുരുവായൂർ പോലെ നൂറ് കണക്കിന് വിവാഹങ്ങൾ ഒരു ദിവസം നടക്കുന്ന ദേവഭൂമിയിൽ. (നിങ്ങൾ ഗൂഗിളിൽ 'book kadhakali artist' എന്ന് സെർച്ച് ചെയ്താൽ മതി.)

കലാസ്നേഹമുള്ള, കഥകളിയെ ഒരു തപസ്യയായെടുത്ത് ഉപജീവനം നടത്താൻ കഴിയുന്ന ഒരു തലമുറ അപ്രത്യക്ഷമാകുന്നു എന്നത് വേദനാജനകമാണ്.

കുറെ വർഷങ്ങൾക്കുമുൻപ് ഞാൻ ആദ്യമായി കഥകളി കാണുന്നത് പുലാമന്തോൾ ധന്വന്തരിക്ഷേത്രത്തിൽ വെച്ചാണെന്നാണ് എന്റെ ഓർമ്മ. രാത്രി 8 മണിയോടെ തുടങ്ങിയ കഥകളി പുലർച്ചെ 6 മണി വരെ ഉണ്ടായിരുന്നു. കാണികൾ പായ, പുതപ്പ് ഒക്കെ കൈയിൽ കരുതി മുന്നിൽ തന്നെ സീറ്റ് ഉറപ്പിക്കുമായിരുന്നു.

ചിലപ്പോൾ വേഷങ്ങൾ ആർത്തുകൊണ്ട് കാണികൾക്കിടയിലൂടെ ഓടുമ്പോൾ വല്ലാതെ പേടി തോന്നിയിരുന്നു.

കുറെ സമയം തിരശ്ശീലയ്ക്കു പിന്നിൽ വേഷങ്ങൾ രണ്ടു കൈകൊണ്ടും തിരശ്ശീലയ്ക്കു മേൽ അങ്ങോട്ടും ഇങ്ങോട്ടും ചലിപ്പിച്ച് കഥകളി തിരനോട്ടം തുടങ്ങിയശേഷം തിരശ്ശീല മാറ്റിയശേഷം, കത്തിച്ചു വെച്ച കൂറ്റൻ നിലവിളക്കിനു പിന്നിൽ ആട്ടം തുടങ്ങും. കൈയും കണ്ണും പിന്നെ ശരീരഭാഗങ്ങളും മെയ് വഴക്കത്തോടെ ഉള്ള ആ അവതരണം ഓരോ കാണിയേയും കഥ തീരരുതേ എന്ന മോഹം മനസ്സിൽ ബാക്കി ആവുമ്പോഴേക്കും രാവിലെ 6 മണി ആയിട്ടുണ്ടാവും.

ഇങ്ങനെയുള്ള ദൈവികമായ ക്ഷേത്രകലകൾക്ക് ആസ്വാദകരും പഠിതാക്കളും കൂടിക്കൂടി വരുന്ന ഈ കാലഘട്ടത്തിൽ അവയോടുള്ള സമീപനത്തിൽ എത്രത്തോളം മാറ്റം വന്നിട്ടുണ്ടെന്ന് കലാകാരന്മാരും ആസ്വാദകരും മനസ്സിലാക്കേണ്ടതാണ്. കാലങ്ങളായി നില നിന്നിരുന്ന ക്ഷേത്രകലകളുടെ മൂല്യം കുറഞ്ഞുപോകാതെ, അവ ചോർന്നുപോകാതെ അവയെ നോക്കുകുത്തികളാക്കാതെ, ക്ഷേത്രകലകളുടെ പ്രാധാന്യം മനസ്സിലാക്കി അവയുടെ മൂല്യം ചോരാതെ നിലനിർത്തുവാൻ നമ്മുടെ കലാകാരന്മാരും ആസ്വാദകരും ഒന്നിച്ച് പ്രവർത്തിക്കണം. നമ്മുടെ ഭാവിതലമുറയ്ക്ക് തുടർന്നും ഇവ നേടിയെടുക്കുവാനും കൂടുതൽ അറിയുവാനും പഠിക്കുവാനും ക്ഷേത്രകല ജീവിതമാർഗമാക്കുന്നവർക്കും അവയിലൂടെ നല്ല പേരും നല്ല ജീവിതവും നേടിയെടുക്കുവാനും ഇതിനാൽ കഴിയും. പക്ഷേ അവയുടെ മൂല്യം ചോർന്നുപോകാതെ കാത്തുസൂക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്.

കലകളെ പ്രോത്സാഹിപ്പിക്കുവാൻ അത്തരം കലകൾ പഠിപ്പിക്കുന്ന ഗവണ്മെന്റ് സ്ഥാപനങ്ങളും യോഗ്യരായ അധ്യാപകരും ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും ഒരു പരിധിവരെ ഉണ്ടെങ്കിൽ ക്ഷേത്രകലകളും അതിലുപരി കൂടുതൽ നല്ല തലമുറയെ വാർത്തെടുക്കുവാനും കൂടുതൽ നല്ല സമൂഹം കെട്ടിപ്പടുക്കുവാനും ഇതിലൂടെ സാധ്യമാവുകയില്ലേ?

എങ്കിലും ഈ അടുത്ത കാലത്ത് കണ്ട കുറെ കഥകളി വേഷങ്ങളും അതേപോലെ മറ്റു കലകളുടെ വേഷങ്ങളും വിവാഹവേദികളിൽ അതിഥികളെ സ്വീകരിക്കുവാനും വധൂവരന്മാരെ സ്റ്റേജിലേക്ക് ആനയിക്കാനും ഇവരെ ഉപയോഗിക്കുന്നത് പതിവാക്കിയിരിക്കുന്ന (ഇവന്റ് മാനേജ്മെന്റ് പോലെ) ഈ പ്രവണത എന്നെ വല്ലാതെ വേദനിപ്പിച്ചു. വെറും കലാസ്വാദകയായ എനിക്ക് ഇത്ര വേദനിച്ചെങ്കിൽ സ്വന്തം ജീവനേക്കാൾ ഈ കലകളെ സ്നേഹിച്ച് സ്റ്റേജിലും ക്ഷേത്രങ്ങളിലും ഒക്കെ പരിപാവനമായ മൂല്യം ഉൾക്കൊണ്ട് അവതരിപ്പിക്കുന്ന കലാകാരന്മാരുടെ മനസ്സ് എത്ര വേദനിച്ചിട്ടാവും ഇതിന് നിന്നുകൊടുക്കുന്നത്? ഇതിന് കാരണം എന്താണെന്ന് പുതുതലമുറ കണ്ടെത്തേണ്ടിയിരിക്കുന്നു.

കുറെ വർഷങ്ങൾക്ക് മുൻപ് ക്ഷേത്രകലകൾ അരങ്ങേറിയിരുന്ന വലിയ വലിയ തറവാടുകളിലും മനകളിലും ആസ്വാദകർ ഏറെ ആയിരുന്നു. അവർ കഥയറിഞ്ഞു ആട്ടം കണ്ടിരുന്നു. എന്നാൽ കല അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് കിട്ടിയിരുന്നത് ഓണപ്പുടവയും ചിലപ്പോൾ കുറച്ച് നാണ



യത്തുട്ടുകളും (വളരെ തുച്ഛമായ തുക) ആയിരുന്നെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ ഇന്ന് കലാകാരന്മാർക്ക് അവർ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അത്യാവശ്യം നല്ല വേതനം കിട്ടുന്നുണ്ട്. കൂടാതെ കഥകളി, മോഹിനിയാട്ടം, തെയ്യം, തിറ മുതലായ കലാകാരന്മാർ അവരർഹിക്കുന്നതോ അതിലധികമോ ചോദിച്ചു വാങ്ങാൻ പ്രാപ്തരുമായിരിക്കുന്നു.

പ്രശസ്തരായ കലാകാരന്മാർ ഒഴികെ ചില പുതിയ വ്യക്തികൾ അവർ ആവശ്യപ്പെടുന്ന വേഷം അനുസരിച്ച് പല ഉദ്ഘാടനങ്ങൾക്കും വിവാഹച്ചടങ്ങുകൾക്കും ആവശ്യനുസരണം നില ഉറപ്പിക്കുന്നത് കാണുമ്പോൾ ഇത്രയും തരംതാണുവോ നമ്മുടെ ദൈവികമായ ഈ കലകളെന്ന് തോന്നിപ്പോകും. ഇത്രയും പൂജനീയവും വിലമതിപ്പുള്ളതും മൂല്യമേറിയതും ശ്രേഷ്ഠവും ആയ കലകളെ കൊല്ലാതെ കൊല്ലുന്നതിനു പകരം അവയുടെ മൂല്യം ഉൾക്കൊണ്ട് കാത്തു സൂക്ഷിക്കുവാനും അവയെ ഉയർത്തിക്കൊണ്ടുവരുവാനും ശ്രേഷ്ഠരായ കലാകാരന്മാരും സംഘാടകരും ആസ്വാദകരും കുറച്ചുകൂടി ശ്രദ്ധിച്ച് ശ്രമപ്പെട്ടാൽ നമ്മുടെ പുരാതനമായ പുരാണകഥകൾ ഉൾപ്പെട്ട ക്ഷേത്രകലകൾക്ക് മൂല്യം നഷ്ടപ്പെടാതെ നിലനിൽപ്പുണ്ടാവും. ലോകം മുഴുവൻ ഏറെ ആസ്വാദകർ ഉണ്ടാവുകയും നമ്മുടെ ക്ഷേത്രകലകൾ പരിപോഷിപ്പിക്കപ്പെടുകയും ചെയ്യും.

കഥകളിക്കുവേണ്ടി പരസ്യങ്ങൾ കൊടുക്കേണ്ട കാലത്ത്, പരസ്യത്തിന് വേണ്ടി കഥകളി ഒരുക്കുന്ന രീതിയിലേക്ക് കാലം മാറിപ്പോയിരിക്കുന്നു. ഇതു തന്നെയാണ് മറ്റു കേരളീയ കലകളുടെയും കാര്യം. മോഹിനിയാട്ടവും തെയ്യവും തിറയും പൂതം കളിയുമെല്ലാം കേരളീയതയുടെ പേരുപറഞ്ഞു പരസ്യങ്ങളിൽ നിറഞ്ഞ് നിൽക്കുകയാണ്.

ഇതിനെല്ലാം വേഷം കെട്ടി, തുച്ഛമായി കിട്ടുന്ന പണത്തിനു വേണ്ടി ഈ മഹനീയ കലകളെ അവഹേളിക്കുന്ന കലാകാരെന്മാരെ ഓർത്ത് ലജ്ജിക്കുകയല്ലാതെ എന്തു ചെയ്യാൻ.

ഇതിനെല്ലാം കൂട്ടുനിൽക്കുന്നത് പ്രഗത്ഭരായ കലാകാരന്മാരല്ല മറിച്ചു തുടക്കക്കാരോ അല്ലെങ്കിൽ കഥയറിയാതെ ആട്ടം കാണുന്നവരോ ആയിരിക്കാം. അവരാണല്ലോ പണശോഭയിലേക്ക് പെട്ടെന്ന് ആകർഷിക്ക പെടുന്നത്.

പ്രഗത്ഭരായ ആട്ടക്കാർ വേഷങ്ങൾ തെരെഞ്ഞെടുക്കുന്നപോലെ ഇത്തരം സന്ദർഭങ്ങളിൽ വേഷങ്ങൾ കെട്ടി നിൽക്കാൻ തയ്യാറാവാതിരുന്നാൽ ഒരു പക്ഷെ ഈ കലകൾ രക്ഷപ്പെട്ടേക്കാം.

അതുപോലെ തുടക്കക്കാർ 'ഞങ്ങൾ ഇത്തരം വേഷങ്ങൾ, ഒരു ആട്ടക്കഥ കളിക്കുന്നതിനല്ലാതെ പരസ്യത്തിനോ മറ്റു ഉദ്ഘാടനങ്ങൾ, വിവാഹങ്ങൾ, പ്രദർശനങ്ങൾ എന്നിവക്ക് വേഷമിടില്ലെന്നു' ഉറച്ച തീരുമാനമെടുക്കണം.

കൂടാതെ ഉൽഘാടനത്തിനെത്തുന്ന മഹത് വ്യക്തികളും ഇങ്ങനെയുള്ള വേഷങ്ങൾ പരിപാടികൾക്കു ഉണ്ടാവരുതെന്ന് നിഷ്കർഷിക്കണം.

കൂടെ പൊതുജനങ്ങളും രക്ഷിതാക്കളും ഉത്ബുദ്ധരാകണം.

തങ്ങളുടെ കുട്ടികളുടെ വിവാഹം തുടങ്ങിയവക്ക് ഇത്തരം കലകളെ ഉൾപ്പെടുത്തി അവഹേളിക്കുന്നത് ശരിയല്ലെന്ന് അവർ ഉറച്ച് തീരുമാനമെടുക്കണം.

എങ്കിൽ മാത്രമേ ഈ മഹനീയകലകളെ അപജയത്തിൽ നിന്നും രക്ഷപെടുത്തുവാൻ കഴിയു എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്ന ഒരു ജനപ്രിയ പ്രസ്ഥാനമായ ബാംഗ്ലൂർ ക്ലബ് ഫോർ കഥകളി ആൻഡ് ദി ആർട്സിന്റെ (BCKA) പ്രസിഡന്റാണ് ലളിത ദാസ്.

പരസ്യങ്ങളിൽ കഥകളിയുടെ ഉപയോഗത്തെക്കുറിച്ച് ലളിത ദാസ് ഖേദം പ്രകടിപ്പിക്കുന്നു. 'ചാനലുകളിൽ കഥകളിയെ മോശമായി ചിത്രീകരിക്കുന്ന ഒരു പരസ്യം സംപ്രേഷണം ചെയ്യുന്നത് തടയാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് ഞാൻ കേരള സർക്കാരിന് കത്തെഴുതി. അത് നീക്കം ചെയ്തു. എല്ലാ കലാരൂപങ്ങളെയും ബഹുമാനിക്കണം, ചൂഷണം ചെയ്യരുത്. നിർഭാഗ്യവശാൽ, കഥകളിയുടെ കാര്യത്തിൽ, എല്ലാതരം പരസ്യങ്ങളിലും ഇത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു,' അവർ പറഞ്ഞു.

ഈ മറുനാടൻ മലയാളിക്കുള്ള അഭിപ്രായം പോലും നമുക്കുണ്ടാവാത്തതെന്തേ?...

ഇതിനെക്കുറിച്ച് നിങ്ങൾക്കും ചിലപ്പോൾ ഇതേരീതിയിൽ പ്രതികരിക്കണമെന്ന് തോന്നിയിട്ടുണ്ടാകാം, ചിലപ്പോൾ മറിച്ചും. ●

യാത്രാവിവരണം

# ദീപാവലി ദിവസത്തെ വനയാത്ര



**സി.ജി. മോഹനൻ**
**പുത്തൻ പിഷാരം, മാപ്രാണം**

**ഞാ**നും, കുടുംബവും എന്റെ സുഹൃത്തുക്കളും, കുടുംബവും കൂടി ദീപാവലി ദിവസം അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ, വാൽപ്പാറ, ഷോളയാർ ഡാം, ആളിയാർ ഡാം എന്നിവിടങ്ങളിലേക്ക് ഒരു ദിവസത്തെ ഉല്ലാസ യാത്ര ചെയ്യുകയുണ്ടായി.

വരദാനങ്ങളുടെ നാട് എന്ന് അറിയപ്പെടുന്ന ഇരിങ്ങാലക്കുടയിലെ ശ്രീ കൂടൽമാണിക്യം ക്ഷേത്ര സന്നിധിയിൽ നിന്നും യാത്ര തിരിച്ചു. ഞങ്ങളോടപ്പം ഉണ്ടായിരുന്ന മാപ്രാണം, ഇരിങ്ങാലക്കുട, കയ്പ്പമംഗലം, ഊരകം, തൃശൂർ എന്നി സ്ഥലങ്ങളിൽ നിന്നും ജംഗിൾ ടൂറിന് പോകുവാൻ എത്തിയ എല്ലാവരുമായി പരസ്പരം പരിചയപ്പെട്ട് കുശലങ്ങൾ ചോദിച്ചറിഞ്ഞ് ഒരു ഭക്തി ഗാനാലാപനത്തോടെ ഞങ്ങളുടെ വാഹനം രാവിലെ 6.30 മണിക്ക് ആദ്യത്തെ പോയിന്റ് ആയ അതിരപ്പിള്ളിയിലേക്ക്. നിറഞ്ഞൊഴുകുന്ന പുഴയിൽ നിന്ന് കുതിച്ചു ചാടുന്ന അതിമനോഹരമായ വെള്ളച്ചാട്ടം കണ്ട് കൊതി തീർന്നില്ലെങ്കിലും അനുവദിച്ച സമയം കഴിഞ്ഞതായി Tour operator അറിയിച്ചതോടെ അടുത്ത സ്ഥലത്തേക്ക് യാത്ര തിരിച്ചു. തുടർന്ന് ഞങ്ങൾ എത്തിച്ചേർന്നത് വാഴച്ചാൽ എന്ന സ്ഥലത്താണ്. അതിശക്തമായ കുത്തിയൊലിച്ച് പോകുന്ന നദിയിലെ മനോഹരമായ ദൃശ്യങ്ങൾ കാണുന്നതോടൊപ്പം ക്യാമറയിലും പകർത്തി.

പ്രഭാത ഭക്ഷണത്തിനു ശേഷം നേരെ മലക്കപ്പാറയിലേക്ക്. കാടിനുള്ളിൽ കൂടി പ്രകൃതി സൗന്ദര്യം ആസ്വദിച്ച് വളവുകളും തിരിവുകളും താണ്ടി, കാപ്പി, തേയിലത്തോട്ടങ്ങളുടെ ഇടയിലൂടെ ഞങ്ങൾ ഉച്ചക്ക് 2.00 മണിക്ക് മലക്കപ്പാറയിലെത്തി. അവിടെ ഉച്ച ഭക്ഷണം തയ്യാറാക്കി ഞങ്ങളെ കാത്തിരുന്ന രാജി ചേച്ചിയുടെ ഹോട്ടലിൽ ചെന്ന് നാടൻ ഭക്ഷണം കഴിച്ച് ഒരല്പം വിശ്രമം. വീണ്ടും യാത്ര തുടങ്ങി.

ഷോളയാർ ഡാമിന്റെ മുകളിലൂടെ നടന്നു മനോഹരമായ ഡാമിന്റെ കാഴ്ചകൾ കണ്ട് വാൽപ്പാറയിലേക്ക്.

തിരിച്ചു പോകുന്ന വഴി പല പ്രാവശ്യം വിനോദ സഞ്ചാരികളുടെ വഴിമുടക്കിയ കബാലി എന്ന കുറുമ്പൻ ഒറ്റയാനയെ ദൂരെ കണ്ടു. കൂട്ടത്തിൽ കാപ്പി തോട്ടത്തിൽ അലഞ്ഞു നടക്കുന്ന വലിയ കാട്ടു പോത്തുകളെയും കാണാൻ സാധിച്ചു. വാൽപ്പാറയിലെ അടിവാരത്ത് എത്തിച്ചേരുവാൻ 41 ഹെയർപിൻ വളവുകൾ ഉണ്ട്. ഓരോ വളവിൽ ചെല്ലുമ്പോഴും അതിഭയങ്കര താഴ്ചയിൽ മുകളിൽ നിന്നും ദൃശ്യമാവുന്ന താഴ്‌വാരം അതിമനോഹരമാണ്. താഴേക്ക് ഹെയർ പിൻ വളവുകൾ ഇറങ്ങുമ്പോൾ പ്രകൃതി രമണീയത തികച്ചും ആസ്വദിക്കാവുന്നതാണ്. കിഴക്ക് കോട മഞ്ഞ് മലമുകളിൽ നിന്നും താഴെക്ക് ഇറങ്ങി വരുന്ന സുന്ദരമായ കാഴ്ച. മണിക്കൂറുകൾ നീണ്ട ഹെയർപിൻ വളവുകൾ താണ്ടി ഞങ്ങൾ വാൽപ്പാറ അടിവാരത്ത് എത്തി. ഈ സമയത്ത് ബസ്സിൽ പലരും ശ്വാസം അടക്കിപിടിച്ച് നിശബ്ദരായിരിക്കുന്നത് കണ്ടു.

അതിരപ്പിളി മുതൽ വാൽപ്പാറ വരെയും, തുടർന്നും ബസ്സിൽ യുവതി-യുവാക്കളുടെ ഡാൻസും, പാട്ടുമായി ഉല്ലാസയാത്ര അടിപൊളിയാക്കി. വാൽപ്പാറയുടെ അടിവാരത്തിൽ ഉള്ള ആളിയാർ ഡാം കോട മഞ്ഞ് മൂലം അടുത്ത് പോയി കാണുവാൻ സാധിച്ചില്ല. സന്ധ്യക്ക് Tour operator Arrange ചെയ്ത ചായയും, സ്നാക്സും കഴിച്ച ശേഷം വീണ്ടും പൊള്ളാച്ചി ഗ്രാമത്തിന്റെ ഭംഗി ആസ്വദിച്ച് നെന്മാറ, കൊല്ലങ്കോട്, തൃശൂർ വഴി രാത്രി 11.30 മണിക്ക് തിരിച്ച് ഇരിങ്ങാലക്കുടയിൽ എത്തിചേർന്നു. ഒരു ദിവസത്തെ ജംഗിൾ ടൂർ തികച്ചും ഞങ്ങൾ Enjoy ചെയ്തു. അടുത്ത Tour ന്റെ യാത്രാ വിവരണങ്ങളുമായി വീണ്ടും തുളസീദളത്തിലൂടെ ആസ്വദിക്കാം...കാണാം, എന്ന വിശ്വാസത്തോടെ.

●

കഥ

# ദർശനം



ടി.ആർ. രഘുനന്ദനൻ
ഫോൺ: 9847169725

**കി**ഴക്കേ നടയിൽ ബസ്സിറങ്ങി അമ്പലത്തിലേക്കു നടക്കുന്നതിനിടയിൽ മൊബൈൽ നോക്കി. ഏഴുമണികഴിഞ്ഞിരിക്കുന്നു. നടത്തത്തിന്റെ വേഗതകൂടി. അക്ഷരാർത്ഥത്തിൽ ഓടുകായായിരുന്നു. ഏഴര മണിക്കുമുമ്പെങ്കിലും എത്തിയാലേ ഇന്നത്തെ തൊഴൽ നടക്കൂ എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് വ്യത്യസ്ത കൌണ്ടറുകളിൽ ചെരുപ്പും മൊബൈലുമെല്ലാമേല്പിച്ചു കഴിഞ്ഞപ്പോൾ തന്നെ ആധിയേറി. വിലപിടിച്ചയെത്ര സമയമാണ് കൌണ്ടറുകൾക്കു മുമ്പിൽ ചിലവഴിക്കേണ്ടിവന്നതെന്നോർത്ത്.

ധൃതിയിൽ ദേവിയുടെ നടയിലൂടെ മുതിർന്ന പൌരൻമാർക്കായി നിശ്ചയിച്ചിട്ടുള്ള ക്യൂ ലക്ഷ്യമാക്കി നടന്നു, അല്ല ഓടി. ഭാഗ്യം... ആരുമില്ല. യൂണിഫോമിട്ട കാവൽക്കാരൻ സഹപ്രവർത്തകനോട് സംസാരിച്ചുനിൽക്കുന്നു.

'മുതിർന്ന പൌരൻമാർക്കുള്ള ക്യൂ പുറത്താ....'

അയാൾ നിസ്സംഗനായി ഒരു ദാക്ഷിണ്യവുമില്ലാതെ പറഞ്ഞു.

'ദ്ന്താ....... ഓരോ ദിവസം ഓരോ തരത്തിലാ......'

എന്റെ വാക്കുകളിൽ കോപം അറിയാതെ കടന്നുവന്നു

'ദൊക്കേ മാറ്റീട്ട് കാലമെത്രയായി?'

കാവൽക്കാരനോട് തർക്കിച്ച് സമയം കളയാതെ വേഗം പുറത്തേക്കോടി. ആരുമില്ല. സെക്യൂരിറ്റി പരിശോധന നടത്തുന്ന ചെറുപ്പക്കാരനോടു ചോദിച്ചു സമയം.

'7 മ്മ മണിവരേയുള്ളൂ സീനിയേഴ്സിന്റെ......' അയാൾ മുഴുമുച്ചില്ല.

ആകെ തളർന്നുപോയി. വാച്ചിൽ നോക്കി. 7 മണി കഴിഞ്ഞിരിക്കുന്നു.

കാലത്ത് 4 മണിക്ക് എഴുന്നേറ്റതാണ്. മൂന്നുമണിക്കെഴുന്നേറ്റുവെങ്കിലും പിന്നീട് ഉറങ്ങനാവാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞപ്പോൾ സമയം നാലര.

അലമാരയുടെ റാക്കിൽനിന്നും 'നാരായണീയം' കയ്യിലെടുത്തു. ക്യൂവിൽ നിൽക്കുമ്പോൾ വായിക്കമല്ലോ എന്നോർത്ത്. പക്ഷെ അതുനടക്കാറില്ല. തിരക്കു നിറഞ്ഞ അന്തരീക്ഷവും ക്യൂവിൽ നിൽക്കുമ്പോഴുള്ള മാനസികാവസ്ഥയും വായനക്കോ ഭക്തിക്കോ അനുകൂലമല്ല.

അഞ്ചുമണിക്കുള്ള തൃശൂർ ബസ്സ് മിസ് ചെയ്യരുതല്ലോ എന്ന് കരുതി നാലേമുക്കാലിനേ അമ്പല നടയിലെത്തി. നഷ്ടപ്പെട്ട ഉറക്കം തിരിച്ചുതരാൻ ബസ് ഷട്ടറിലൂടെ വന്നകാറ്റ് പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു.

ഉറക്കത്തിന്റെ മണ്ഡലത്തിലേക്കു കടക്കും മുമ്പെ വടക്കാഞ്ചേരിയിലെത്തി.

തുടർന്ന് കേച്ചേരിയിലേക്കും ഗുരുവായൂർക്കും.

വൈശാഖമാസത്തിലെ ഇടവം ഒന്നാണ്. അസാമന്യമായ തിരക്ക് മനസ്സിൽ കണ്ടുകൊണ്ടു തന്നെയാണ് ഇത്രയുമൊക്കെ സന്നാഹം നടത്തിയത്. അത് വിഫലമായി. ഒരു പക്ഷെ ഭഗവാന്റെ തീരുമാനം അതായിരിക്കും.

മനസ് ആശ്വാസം കണ്ടെത്താനുള്ള ശ്രമം തുടങ്ങി. ദേവിയുടെ നടയിലൂടെ വീണ്ടും ചെന്ന് പുറത്ത് നടപ്പന്തലിൽ നിന്നുതൊഴാനുള്ള ഒരു ശ്രമവും കൂടി നടത്തി.

അത് ശരിയാവാത്തത് മനസിനെ വിഷാദത്തിലാക്കി. അങ്ങോട്ട് അടുക്കാൻവയ്യ. ഉള്ളിൽ ചെന്ന് തൊഴാൻ ആവാത്തവരെല്ലാം അവിടെ അഭയാർത്ഥികൾ ആയിരിക്കുകയാണ്.

അമ്പലത്തിൽ ആകെ നല്ലതിരക്ക്. ഒന്നൊഴിഞ്ഞുനിൽക്കാൻപോലും സ്ഥലമില്ല. എങ്കിലും ഒരു ഓരത്ത് ഒഴിഞ്ഞുനിൽക്കാൻ ശ്രമിച്ചു.

നടപ്പന്തലിലെ തിരക്ക് കുറയാനുള്ള പ്രാർത്ഥനയോടെ...

അതേ ഇനി വഴിയുള്ളു. അല്പം കഴിഞ്ഞ് നടപന്തലിലേക്ക് ഒന്നുകൂടി നോക്കി. അതേസ്ഥിതിതന്നെ.

തൊഴാൻ മറ്റൊരുമാർഗം കാണാത്തവരെല്ലാം അവിടെ തടിച്ചുകൂടിയിരിക്കുന്നു. ആ തിരക്കിലേക്ക് ഊളിയിട്ടു കയറി ഇനിയും സമയം കളയാനില്ല എന്ന ചിന്തയോടെ മുമ്പിലെത്തി ഒന്നു തൊഴാൻ ശ്രമിച്ചു.

ഒന്നുമില്ല ആകെ ഇരുട്ട് മാത്രം. ദൂരെനിന്ന് ഒരു പൊട്ട് വെളിച്ചമെങ്കിലും കാണാൻ കഴിയുമാ

യിരുന്നു. ഇന്ന് അതിനും കഴിഞ്ഞില്ല. നിരാശയോടെ തിരക്കിൽനിന്നും പുറത്തുകടന്നു പടിഞ്ഞാറേ നടയിലൂടെ 'നാരായണാലയം' ലക്ഷ്യമാക്കി നടന്നു.

'മുരളീധരവിഗ്രഹം' കണ്ടിറങ്ങി. എന്നിട്ടും മനസ്സിൽ വല്ലാത്തൊരു വിഷാദം അകാരണമായി തങ്ങിനിന്നു.

വിശപ്പ് പെരുമ്പറകൊട്ടി തുടങ്ങിയതിനാൽ സ്ഥിരമായി ഭക്ഷണം കഴിക്കാറുള്ള ലഞ്ച് ഹോമിലേക്ക് കയറി. അവിടെയും വൻതിരക്കുതന്നെ. അസഹ്യമായ തിരക്ക്. ഇരിക്കാനിടംകിട്ടാതെ കുറെ പേർ ഭക്ഷണം കഴിക്കുന്നവരുടെ അരികിലായി നിലയുറപ്പിച്ചിരിക്കുന്നു.

ഭക്ഷണം ഒഴിവാക്കി നടന്നു. അതും ഭഗവാന്റെ തീരുമാനമായിരിക്കും. കിഴക്കേനടയിലുള്ള ബസ്സ്റ്റാൻഡിൽ പുറപ്പെട്ടുനിന്ന ബസ്സിൽകയറി. ഇരിക്കാൻ കഷ്ടിച്ചൊരു സീറ്റ് കിട്ടി.

ക്ഷീണം കൊണ്ട് തളർന്ന കണ്ണുകളെ തളിർവിരലാൽ തഴുകാൻ കാറ്റ് ഈശ്വരരൂപമെടുത്തു. പതുക്കെ പതുക്കെ മയക്കത്തിലേക്കും പിന്നീട് ഉറക്കത്തിലേക്കും.

പെട്ടെന്ന് കണ്ണുതുറന്നു. മനസ്സിൽ ഒരു സുന്ദരരൂപം. തന്റെ തളിരിടംവിരൽ കൊണ്ട് തലോടുന്നു.

അമ്മുവിന്റെ മൃദുവായതലോടലാണ് ഓർമ്മ വന്നത്.

ഉറങ്ങുന്നത് കണ്ടാൽ അവൾ വിരലുകൾ കൊണ്ട് തലോടും. പക്ഷേ അമ്മു എങ്ങനെ ഇവിടെ എത്തി.

ചിന്തയിൽ നിന്നുണർന്നു.

കൺതുറക്കാൻ ശ്രമിച്ചു. തളർന്നകണ്ണുകൾ അല്പം ആയാസത്തോടെ തുറന്നു.

സ്വപ്നമല്ല യാഥാർത്ഥ്യം തന്നെ. മുൻസീറ്റിലിരിക്കുന്ന യുവതിയുടെ കൈകളിലുള്ള കുഞ്ഞ് മടിയിൽ നിന്നെഴുന്നേറ്റ് ഓമനവിരലുകൾ തന്റെ കവിളിലേക്കു നീട്ടുന്നു. അവാച്യവും അസാധാരണവുമായ ആനന്ദം മനസ്സിൽ നിറഞ്ഞു തുളുമ്പി. ആ ഇളംചെയ്തികൾ നാക്കി നോക്കിയിരുന്ന് കണ്ണുകൾ വീണ്ടും അടഞ്ഞ് ഉറക്കത്തിലേക്ക് വീണു.

പെട്ടെന്ന് കണ്ണുതുറന്നു. ബസ്സ് കുന്ദംകുളം ബസ് സ്റ്റാൻഡിൽ. കുഞ്ഞുമായി വന്ന യുവതി വഴിയിലെങ്ങോ ഇറങ്ങിയിരിക്കുന്നു. നടക്കാതെപോയദർശനം. ഭഗവാൻ അൽപ്പനേരത്തേക്കെങ്കിലും തനിക്കായി കരുതിയല്ലോ.....

ആശ്വാസത്തോടെ ഒന്നുകൂടി ഓർക്കാൻ ശ്രമിച്ചു.

●

# ഹരിതക്ക് അഭിനന്ദനങ്ങൾ



**കം**പാരറ്റിവ് ലിറ്ററേച്ചറിൽ കുമാരി ആർ. ഹരിത പിഎച്ച്ഡി നേടി. ഹൈദരാബാദ് സെൻ്റർ യൂണിവേഴ്സിറ്റിയിൽ നിന്നുമാണ് അഭിമാനകരമായ ഈ നേട്ടം ഹരിതയെ തേടി എത്തിയത്. പ്രശസ്ത കവി പുറമുണ്ടേക്കാട് പിഷാരത്ത് രാമചന്ദ്രന്റെയും മുടവന്നൂർ പിഷാരത്ത് മിനിയുടെയും (രണ്ടു പേരും റിട്ട. അദ്ധ്യാപകർ) മകളാണ്.

കുമാരി ഹരിതക്ക് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ!

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# Happy Birthday

# Aditi



Our little princess turns one

with love from
Arun Raghavan, Divya Arun
&
Dhruv Arun



# വിവാഹ മംഗളാശംസകൾ

## ജയറാം ❤ അനാമിക

ചുനങ്ങാട് കിഴക്കേക്കര പിഷാരത്ത്
രാജന്റെയും മണക്കുളങ്ങര പിഷാരത്ത്
ഗീതയുടെയും മകൻ **ജയറാമും**
പിരപ്പൻകോട് പിഷാരത്ത്
കൃഷ്ണദാസിന്റെയും
ചെറുകാട് പിഷാരത്ത് ശ്രീരാധയുടെയും
മകൾ **അനാമികയും** തമ്മിലുള്ള
വിവാഹം 19/10/2025ന്
ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ
വെച്ച് സമംഗളം നടന്നു.



# ആദരാഞ്ജലികൾ

## ടി.പി. അച്യുത പിഷാരോടി (101)

**പെരുവനം തെക്കേ പിഷാരം (തിരുവുള്ളക്കാവ്)**

മരണം: 19/10/2025

**ദുഃഖപൂർവ്വം....**

മക്കൾ : ഹരീഷ് കുമാർ കെ.പി., വിജയലക്ഷ്മി കെ.പി., ജയശ്രീ കെ.പി.

മരുമക്കൾ : ലത എ.യു., മനോഹരൻ ബി.പി.

പേരക്കുട്ടികൾ : പ്രിയ രാമചന്ദ്രൻ, പ്രവീൺ, അക്ഷയ് എ. ഹരി, അർച്ചന എ. ഹരി, മാളവിക



# സ്നേഹസ്മരണയിൽ

## 13-ാം ചരമവാർഷികം

## എ.പി. വാസുദേവപിഷാരോടി

**അലനല്ലൂർ അയ്യപ്പൻകാവിൽ പിഷാരം**
**'വിനയം', കുറുവട്ടൂർ, വല്ലപ്പുഴ**

മരണം: 2012 നവംബർ 2

A person who is remembered
by his loved ones never goes away,
lives forever.

- Fondly remembered by Family and Friends

# സ്മരണാഞ്ജലികൾ

## 14-ാം ചരമവാർഷികം (26.10.2025)



### തൊണ്ടിയന്നൂർ പിഷാരത്ത്

# ശാരദ പിഷാരസ്യാർ

മരണം: 26-10-2011

പരേതനായ മാന്നന്നൂർ പിഷാരത്ത്
ഗോപാല പിഷാരോടിയുടെ സഹധർമ്മിണി

സ്നേഹസ്മരണകളോടെ....

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, മറ്റു ബന്ധുമിത്രാദികൾ



# ആദരാഞ്ജലികൾ

## രാധാകൃഷ്ണ പിഷാരടി (89)

**ഋഷിനാരദമംഗലം പിഷാരം,**
**ചെറുകുന്ന്, കോട്ടക്കൽ.**

മരണം : 07-10-2025

ദുഃഖപൂർവ്വം

പത്നി : ഇന്ത്യന്നൂർ പിഷാരത്ത് അംബുജ പിഷാരസ്യാർ

മക്കൾ : ഗോവിന്ദരാജൻ, ഈശ്വരി

മരുമക്കൾ : വിജയശ്രീ, രാമകൃഷ്ണൻ

ഒപ്പം പേരക്കുട്ടികളും അവരുടെ മക്കളും.






പിഷാരോടിമാരുടെ
പിഷാരോടി സമാജത്തിന്റെ
അക്ഷരനാവാണ്

**തുളസീദളം**

**വായിക്കുക**
**വരിക്കാരാവുക**
**പ്രചരിപ്പിക്കുക**

**പരസ്യങ്ങൾ സംഘടിപ്പിച്ച് സഹകരിക്കുക.**

ചെറുകഥ

# മുത്തശ്ശിയും പഴഞ്ചൊല്ലുകളും



എ. തുളസി
പടിഞ്ഞാറെ പിഷാരം, തൃപ്രയാർ

**അ**പ്പുവിന് മുത്തശ്ശിയുടെ കഥ കേട്ടാലേ ഉറക്കം വരികയുള്ളൂ. അന്ന് മുത്തശ്ശി പൂച്ചകളെക്കുറിച്ചുള്ള കാര്യങ്ങളാണ് അപ്പുവിനു പറഞ്ഞു കൊടുത്തത്. പൂച്ചകൾക്ക് വീടിനോടാണ് സ്നേഹം. വീട്ടുകാരോടല്ല. എന്നാൽ നായയ്ക്ക് വീട്ടുടമസ്ഥനോടാണ്. വീട്ടുകാർ വീടുവിട്ടു പോകുമ്പോൾ നായയും പിന്നാലെ പോകും. പക്ഷേ പൂച്ച വീടു വിട്ടുപോകില്ല.

ഒരു ഞായറാഴ്ച ഉച്ചനേരം. അപ്പു കടലാസുകൊണ്ട് കളിപ്പാട്ടങ്ങൾ ഉണ്ടാക്കി കളിക്കുന്നു. അപ്പോൾ അടുത്ത വീട്ടിലുള്ള കല്യാണിയമ്മയും സരസ്വതിയമ്മയും അപ്പുവിന്റെ വീട്ടിലേക്ക് വന്നു. അവർ അമ്പലത്തിലെ പ്രഭാഷണം കേട്ടു മടങ്ങുന്ന വഴിയാണ്. മുത്തശ്ശി ഉച്ചമയക്കത്തിൽ ആയിരുന്നു. അയൽപക്കക്കാർ വന്നപ്പോൾ മുത്തശ്ശിയും അമ്മയും മുറിയിൽ നിന്നും തളത്തിലേക്ക് വന്നു. നാട്ടുവിശേഷങ്ങൾ കേൾക്കുന്നതിനായി അപ്പു കളിപ്പാട്ടങ്ങൾ ഉണ്ടാക്കി കളിക്കുന്നത് നിർത്തി തളത്തിൽ ചെന്ന് മുത്തശ്ശിയുടെ അടുത്തിരുന്നു.



"പൂച്ചക്കെന്താ പൊന്നുരുക്കുന്നിടത്ത് കാര്യം?" അപ്പു ഉമ്മറത്തേക്ക് പൊയ്ക്കോളൂ. മുത്തശ്ശി അപ്പുവിനെ ശകാരിച്ചു. അപ്പുവിന് ജാള്യതയും വിഷമവും തോന്നി. മുത്തശ്ശിയോട് അല്പം പരിഭവവും. അപ്പു കോലായിലേക്ക് തിരിച്ചു പോന്നു.

കുറച്ചുകഴിഞ്ഞപ്പോൾ അപ്പുവിന് കാര്യം മനസ്സിലായി. മുതിർന്നവർ വർത്തമാനം പറയുമ്പോൾ ഞാൻ എന്തിനാണ് അത് കേൾക്കാനിരിക്കുന്നത്? കുട്ടികൾക്ക് കേൾക്കാനുള്ള കാര്യങ്ങൾ അല്ലല്ലോ അവർ പറയുന്നത്.

സന്ധ്യയ്ക്ക് മുത്തശ്ശി നാമം ജപിച്ചു കഴിഞ്ഞപ്പോൾ അപ്പുവിനെ അടുത്തു പിടിച്ചിരുത്തി ചോദിച്ചു. ഉച്ചയ്ക്ക് വഴക്കു പറഞ്ഞപ്പോൾ സങ്കടായോ അപ്പുവിന്? ആവശ്യമില്ലാത്ത കാര്യത്തിൽ വെറുതെ പോയി തലയിടരുത്. മനസ്സിലായോ? അപ്പു 'മനസ്സിലായി' എന്ന മട്ടിൽ തലയാട്ടി.

മുത്തശ്ശി തുടർന്നു...."ക്ഷണിക്കാത്ത സദ്യക്ക്..."

"ഉണ്ണാൻ പോവരുത്" അപ്പു മുഴുമിപ്പിച്ചു.

"പൂച്ചക്ക് രോമം ഉണ്ടായിട്ട് അമ്പട്ടനെന്താ കാര്യം? എന്ന് മുത്തശ്ശി പറയുന്നത് കേൾക്കാറുണ്ടല്ലോ... എന്നുവച്ചാൽ എന്താ? അവൻ ചോദിച്ചു.

ഒരാൾക്ക് ധാരാളം സ്വത്തുണ്ട്. ഇട്ടു മൂടാൻ പണവും ഉണ്ട്. അയാളുടെ സ്വത്തുകൊണ്ടും പണം കൊണ്ടും വേറെ ഒരാൾക്കും ഗുണമില്ലെങ്കിൽ ആരും അയാളെ മാനിക്കുകയില്ല. പൂച്ചയ്ക്ക് രോമം ഉണ്ടെങ്കിൽ പൂച്ചയ്ക്ക് നല്ലത്. ക്ഷൗരക്കാരന് അതുകൊണ്ട് ഒരു ഗുണവുമില്ല.

അപ്പൂ... പൂച്ച പാല് കിടിക്കുന്നത് കണ്ടിട്ടുണ്ടോ? കണ്ണടച്ചാ കുടിക്കുക. പൂച്ചയുടെ വിചാരം അത് പാല് കുടിക്കുന്നത് ആരും കാണുന്നില്ല എന്നാണ്. കള്ളത്തരം കാണിക്കുന്ന ചിലരുണ്ട്. അവരുടെ വിചാരം അവരുടെ പ്രവൃത്തി ആരും അറിയില്ലെന്നാണ്.

മുത്തശ്ശിയുടെ പഴഞ്ചൊല്ലും കഥയും കേട്ട് അപ്പു ഉറങ്ങി.

'ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കില്ലേ' എന്ന് അപ്പുവിനോട് ചോദിച്ചപ്പോഴേക്കും അപ്പു നല്ല ഉറക്കത്തിൽ തന്നെ എന്ന് മുത്തശ്ശിക്കു മനസ്സിലായി. മുത്തശ്ശിയും സാവധാനം ഉറക്കമായി. ●

# കൈകൊട്ടിക്കളി പാട്ടുകൾ



ശ്രീദേവി പി. പിഷാരോടി, കോങ്ങാട്
ഫോൺ: 8289945542

## മഹാബലി

വിഷ്ണുഭക്തശ്രേഷ്ഠനായൊരിന്ദ്രസേനൻ
രാജാവായി കാലങ്ങളങ്ങനവധി വാണനാടാണ്
(ഒ തത്തിത്താരതിതിത്തയ്
തിതൈ തകതതൈതൈ തോം)

രാജ്യഭാരമേറ്റെടുത്തു മോദമോടെ വാഴും നാളിൽ
അസുരന്മാരാധിപത്യം സ്ഥാപിച്ചുവന്നു

സുരന്മാരെ തുരത്തിക്കൊണ്ടസുരന്മാർ വന്നനേരം
ഭൂപതിയോടോതി ഭവാൻ വിഷ്ണുസേവക്കായ്

സഹസ്രാണ്ടു ഭജിച്ചിട്ടങ്ങാതുരനായുള്ളനേരം
വിശ്വജിത്താം ശാലയിലായെത്തി തേജസ്സ്

ഇന്ദ്രസേനവിന്ധ്യാവലിപൂജ ചെയ്തു വഴി പോലെ
വേണ്ടതെന്തും തന്നിടാം ഞാനെന്നും പറഞ്ഞു

കൊച്ചുവടു കേട്ടനേരം ചോദിച്ചോട്ടെയെന്നുമായി
പദംമൂന്നു തരുമോയെൻ തപസ്സിരിക്കാൻ

എന്തും തരാമെന്നുകേട്ടു മോദമോടെ നിന്നു ബാലൻ
അംബരത്തിൽ സ്പർശിക്കുന്ന രൂപമായല്ലോ

ഒന്നാം പാദം ഭൂമിലോകം രണ്ടാം പാദം സുവർലോകം
മൂന്നാംപാദം വെക്കുവാനായ് ശിരസ്സു താഴ്ത്തി

ദേവന്മാർക്കുമലഭ്യമാം സുതലത്തിലെത്തീരാജാ
വസിച്ചിടുയവിടെനീ ശ്രേഷ്ഠതയോടെ

മഹത്തായ ബലിയെല്ലാ മനുഷ്ഠിച്ചഭൂപതിയെ
'മഹാബലി'യെന്നനാമാലലങ്കരിച്ചു.

(വായ്ത്താരി:
നാരായണ നാരായണ നാരായണ നാരായണ
നാരായണ നാരായണ രാധ ഗോവിന്ദ)
ഹരേ കൃഷ്ണ

## ഗണപതി

**സു**ന്ദരഗണപതി നർത്തനഗണപതി
ഷൺമുഖസോദരനെ,
ഹരജയ ഷൺമുഖസോദരനെ
ഈഗിതാമോടെ തുമ്പിക്കൈയ്യാൽ
അനുഗ്രഹമേകിടണെ
ഹരജയ കദനമകറ്റിടണെ
പത്തുദശങ്ങൾ ഏത്തം ഇട്ടും
തൊഴുതുമടങ്ങീടാം
ഞങ്ങൾ തൊഴുതു മടങ്ങീടാം
നർത്തനമാടാനാനുഗ്രഹമേകാൻ
കഴലിണ കൂപ്പുന്നേൻ
ഹരജയ കഴലിണ കൂപ്പുന്നേൻ.

വാണീദേവി ജനനീദേവി
വരമരുളീടുകയമ്മേ
ഭഗവതി വരമരുളീടുകയമ്മേ
വെള്ളത്താമരയേറിവരുന്നൊരു
വീണാപാണിനിയമ്മേ,
സരസ്വതിദേവി ഭഗവതിയെ.
കൃപചൊരിയേണം കാത്തരുളേണം
സരസ്വതിദേവി ഭഗവതിയെ,
അമ്മ അവനീലാളന ഭഗവതിയെ

**പ**ണ്ടു കൃഷ്ണൻ ദ്വാരകയിൽ,
ബന്ധുജന സമേതനായ്,
സന്തോഷത്തോടിരിക്കുന്നസമയത്തിങ്കൽ,
അന്തണശ്രേഷ്ഠനൊരുവൻ,
കുണ്ഡിനനരേശപുത്രി,
സന്ദേശവുംകൊണ്ടണഞ്ഞു,
യദുപുരിയിൽ...
പറഞ്ഞിതാ വിപ്രേന്ദ്രനും,
ഭഗവാനിലതിസ്നേഹം,
വളർന്നൊരാക്കുമാരിതൻ കദനദുഃഖം...

ഭഗവാനെ! അവിടുത്തെ
ഗുണഗണം കേട്ടു കേട്ടു,
മനതാരിലനുരാഗം വളർന്നിടുന്നു...
ചേദി രാജകുമാരനെൻ വരനായി,
വരുമെങ്കിലുറപ്പായും
മരണത്തെ വരിച്ചിടുംഞാൻ...
ആശ്രിതവത്സലൻ ഭവാനെങ്കിൽ,
പാദ-ഭക്തയായോരാശ്രിതയെ
വെടിയൊല്ലെ കരുണാസിന്ധോ!

പ്രേമ പ്രണയിനിയാകും,
രുഗ്മിണി തൻ വാക്കുകളാ-

പ്രേമസ്വരൂപന്റെ മനമലിയിപ്പിച്ചു,
അന്തണനോടരുൾ ചെയ്തു
കാമശരമേറ്റു നിശി
ഹന്ത! നിദ്രയെന്നെ വിട്ടിതവൾ കാരണം
എന്നു ചൊല്ലി, ദ്വിജവരനൊരുമിച്ചാരാത്രി തന്നെ,
ചെന്നു ചേർന്നു വിദർഭയിലമിതമോദം....

അന്തണനും മുകുന്ദനെ, കൊണ്ടുവന്ന വിശേഷം
കേട്ടന്തഃപുരെ രുഗ്മിണിയു മനുമോദിച്ചു,
ആനന്ദസാഗരത്തിങ്ക ലാറാടിയാസതി,
ദ്വിജപാദതാരിലതിമോദം നമസ്ക്കരിച്ചു...

പുരവാസി ജനങ്ങളാ, രമാവരൻകുമാരിയ്ക്കു
വരനായി വരണേയെന്നുരച്ചീടുന്നു
ഇന്ദുമുഖിശുഗ്മിണിയും ശൈല രാജകന്യ തന്നെ
വന്ദിക്കുവാനായി, സ്സഖീ ജനങ്ങളൊത്തു,
അംബികാ ഗൃഹത്തിലെത്തി,
നന്ദസുതൻ കാന്തനാവാൻ
അമ്മയോടു പ്രാർത്ഥിച്ചുടൻ
തൊഴുതിറങ്ങീ....

ലോകൈക മോഹിനിയാകും, രാജപുത്രി,
തന്റെയംഗലാവണ്യത്തിൽ, ഭ്രമിച്ചു പോൽ
ഭൂപാലരെല്ലാം...
എങ്ങു ഗമിക്കുന്നു,മമ സുന്ദരീ,നീയെന്നുരച്ചു,
ചെന്നുകരം ഗ്രഹിച്ചുടൻ, രഥത്തിലേറ്റി,
വന്നെതിർത്ത ഭൂപാലരെ, വെന്നു,കൃഷ്ണൻ
ദ്വാരകയിൽ ചെന്നു, പിന്നെ,
വേളീ ഘോഷവിശേഷമായി,
ശേഷശായി തന്റെ വേളീ വിശേഷങ്ങളശേഷവും,
ശേഷനുമിന്നുരയ്ക്കുവാൻ വിഷമമത്രെ.....

ശ്രീയോടു ചേർന്നിരുന്നൊരാ
ഭഗവാനെക്കണ്ടു ജനം,
ആനന്ദിച്ചു ഭക്തി തന്നിൽ മുഴുകി വാണു,
ശ്രീഹരിയും വൈകുണ്ഠത്തിൽ,
ശ്രീദേവിയോടൊത്തുചേർന്നു,
സ്വൈരമായി വാഴും പോലെ സുഖിച്ചിരുന്നു

**ഉ**ണ്ണിക്കണ്ണൻ വന്നു കളിച്ചു,
ഗോപിമാരുടെ നെഞ്ചകത്ത് (2)
മങ്കമാരുടെയാട്ടം കാണാൻ
ഉള്ളിൽകേറിയിരിപ്പായി,
ഉള്ളിൽ കേറിയിരിപ്പായി (2)
കാട്ടുംകുസൃതികളോരോന്നായി
എണ്ണിപറഞ്ഞു കളിച്ചിടുന്നു (2)
എല്ലാം കണ്ടു രസിച്ചു കണ്ണൻ
ഓടിച്ചാടിക്കൂട്ടത്തിൽ (2)
പക്ഷികളെല്ലാം കൂടുമണഞ്ഞു,
പാട്ടുമാട്ടവും ആടിക്കഴിഞ്ഞു
പോകാം നമ്മൾക്ക് കൂട്ടരേ
പോകാം നമ്മൾക്കു കൂട്ടാരേ. (2)
ഉണ്ണി.....

**മം**ഗളമേകട്ടെ ബന്ധുക്കളെ നമ്മിൽ
മംഗളം വർഷിക്കു ലോകനാഥാ (2)
കാരുണ്യശാലീ ഭഗവാനെ കൃഷ്ണ നീ
വർഷിക്കുമംഗളമേഴകളിൽ (2)
മുപ്പത്തിമുക്കോടിദേവകളു മായി,
മംഗളമേകിടു മഞ്ജുനാഥാ (3)
അറിയാതെയുള്ളോരബദ്ധങ്ങൾ തീർത്തെന്നെ
കരുണയാൽ കാത്തീടാൻ കുമ്പിടുന്നേൻ കണ്ണാ
കരുണയാൽ കാത്തീടാൻ കുമ്പിടുന്നു. (2)
മംഗളമേകട്ടെ......... (2)

# കേന്ദ്ര ഭരണസമിതി അറിയിപ്പ്

**പി**ഷാരോടി സമാജം, തുളസീദളം, PE&WS, PP& TDT എന്നിവയുടെ ഭരണസമിതി അംഗങ്ങളുടെയും ശാഖാ പ്രസിഡണ്ട് സെക്രട്ടറിമാരുടെയും സംയുക്ത ഭരണസമിതിയോഗം 2025 നവംബർ 23 ഞായറാഴ്ച്ച രാവിലെ 10 മണിക്ക് തൃശൂർ പിഷാരോടി സമാജാം ആസ്ഥാനമന്ദിരത്തിൽ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ ഭരണസമിതി അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു (വിശദമായ അജണ്ട വഴിയെ അയക്കുന്നതാണ്)

അന്നേദിവസം ശാഖകളിൽ ഔദ്യോഗിക യോഗങ്ങൾ വെക്കരുത് എന്നും പ്രത്യേകം അറിയിക്കുന്നു.

എന്ന്
**കെ.പി. ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി

# തെക്കെ പിഷാരത്ത് ജയചന്ദ്രന് അഭിനന്ദനങ്ങൾ



**പു**ലാമന്തോൾ പാലൂർ തെക്കേ പിഷാരത്ത് ജയചന്ദ്രൻ 2025 വർഷത്തെ കേരള മുഖ്യമന്ത്രിയുടെ വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡലിന് അർഹനായി.

കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് തിരുവനന്തപുരത്ത് വെച്ച് നടന്ന ചടങ്ങിൽ ബഹു. കേരള മുഖ്യമന്ത്രിയിൽനിന്ന് ജയചന്ദ്രൻ മെഡൽ സ്വീകരിച്ചു.



1997 വർഷത്തിൽ പോലീസ് സർവീസിൽ ചേർന്ന ജയചന്ദ്രൻ ഇപ്പൊൾ സബ് ഇൻസ്പെക്ടർ റാങ്കിൽ കേരള പോലീസിൽ ജോലി ചെയ്തു വരുന്നു.

ഇരിഞ്ഞാലക്കുട കൃഷ്ണപിഷാരത്ത് ശ്രീ. ഗോവിന്ദപിഷാരോടിയുടെയും തെക്കേപിഷാരത്ത് ശ്രീമതി. മാധവി പിഷാരസ്യാരുടെയും മകനാണ് ജയചന്ദ്രൻ.


സ്കൂൾ ടീച്ചറായ ശ്രീമതി കവിതയാണ് ജയചന്ദ്രന്റെ ഭാര്യ. മകൻ ശ്രിഷാന്ത്, മകൾ ശ്രേയ.

ജയചന്ദ്രന് പിഷാരോടി സമാജത്തിന്റെയും തുളസീളത്തിന്റെയും വെബ്സൈറ്റിൻെറയും അഭിനന്ദനങ്ങൾ.

# സോപാന സംഗീതരത്നം പുരസ്കാരം പല്ലാവൂർ വാസുദേവ പിഷാരോടിക്ക്

**കേ**രളത്തിലെ സോപാനസംഗീതകലാകാരന്മാരുടെ കൂട്ടായ്മയായ സോപാനസംഗീതസഭയുടെ 2025 ലെ സോപാന സംഗീതരത്നം പുരസ്ക്കാരം പല്ലാവൂർ വാസുദേവ പിഷാരോടിക്ക് നല്കും.

ഒക്ടോബർ 11ന് കോഴിക്കോട് ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ വച്ചു നടക്കുന്ന സോപാനസംഗീതസഭയുടെ വാർഷിക പൊതുയോഗത്തിൽ കേരള സംഗീതനാടക അക്കാദമി ചെയർമാൻ പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ പുരസ്ക്കാരം നല്കും.



കോഴിക്കോട് തളിക്ഷേത്രം ജീവനക്കാരനായിരുന്ന ശ്രീ. പല്ലാവൂർ വാസുദേവ പിഷാരോടി മഞ്ഞളൂർ മന്ദത്ത് പിഷാരത്ത് പരേതയായ സരോജിനി പിഷാരസ്യാരുടെയും കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് പരേതനായ നാരായണപിഷാരോടിയുടെയും മകനാണ്.

പത്തപ്പിരിയം പിഷാരത്തെ ശ്രീമതി ശോഭയാണ് ഭാര്യ. അഖിൽ വാസുദേവൻ, അരുൺ വാസുദേവൻ എന്നിവരാണ് മക്കൾ.

വാദ്യമേളങ്ങളിലെ ആചാര്യനും അതുല്യ പ്രതിഭയുമായിരുന്ന പല്ലാവൂർ അപ്പുമാരാരുടെയും സഹോദരന്മാരുടെയും ശിഷ്യനാണ്. അവരോടൊപ്പം സ്വദേശത്തും വിദേശത്തും ധാരാളം മേളങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വാസുദേവ പിഷാരോടിക്ക് സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ!

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | | രചകു | സ | | |
| | മശി | | മാ | ല ശുകു | |
| ശു | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| ലമാ | | | | രബു | ഗു |
| ബു | ഗു | | | ചസ | |
| | | ശി | മ | | |

Suitable proposals are invited for a Pisharody Boy, aged 29 years, Height 179 cms, currently doing Post Doctoral Fellowship in U.K. Interested parents may please contact -

**Phone: +91 9025545511**
**+91 9400567539**

കൊല്ലവർഷം 1172 ചിങ്ങം 2 (18.08.1996) ഞായറാഴ്ച അത്തം നക്ഷത്രം.
ജന്മശിഷ്ടം ചന്ദ്രദശ 9-3-22-0

---

| | | | | | |
|---|---|---|---|---|---|
| | | ലര കു | ഗു | | |
| ച | ബു ശു | ര | ല ഗുമ | സ | |
| ബുമ സ | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| | ച | | | മാ | ശി മാ |
| | കുശി | | | | ശു |

Seeking alliance from parents of Pisharody Boys for a 24 year old Pisharody girl (height 170 Cms.) settled in Pune, Working in a Multinational Company in Pune as HR Personnel (Resoursing). Interested parents, please contact -

**Phone: 9881411864**

ജനനം: 16 ഏപ്രിൽ 2001 (മേടം 3) ഉത്രാടം നക്ഷത്രത്തിൽ രാവിലെ 8.37 നു സ്ത്രീ ജനനം. ശിഷ്ടദശ 1 വർഷം, 1 മാസം, 5 ദിവസം (രവി ശിഷ്ടദശ).

---

| | | | | | |
|---|---|---|---|---|---|
| | | | രച | | |
| | ബുഭൃ | രകു ഗുമ | ല | | |
| ശി | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | സ | |
| | ശി | | | മാ | സ |
| | | | | ച | |
| | ഭൃ | കുമാ | ബു | ലഗു മാ | |

Proposals are invited from parents of Pisharody boy (Mumbai based) for a Pisharody girl, aged 25, height 163 Cms., CS, LLB, Currently working in a private company (AMC) in Mumbai. Interested parents please contact -

**Phone: 9769919845 / 8850498319**

കൊല്ലവർഷം 1175 മേടമാസം 4ന് (2000 ഏപ്രിൽ 17) തിങ്കളാഴ്ച കാലത്ത് 9 മണി 49 മിനുട്ടിന് അത്തം നക്ഷത്രത്തിൽ സ്ത്രീജനനം. 6-4-18 ഗർഭശിഷ്ട ചന്ദ്രദശ.

---

വിഭാര്യനും സ്ഥിരവരുമാനമുള്ള കലാദ്ധ്യാപകനുമായ പിഷാരോടിക്ക് (49 വയസ്സ്, രേവതി നക്ഷത്രം) അനുയോജ്യയായ ജീവിത പങ്കാളിയെ തേടുന്നു. സ്വന്തമായി വീടും +2 & Degree പഠിക്കുന്ന രണ്ടു കുട്ടികളുമുണ്ട്. താല്പര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

**Phone: +91 7907158720, +91 9961088743**

# ശാഖാവാർത്തകൾ

## ചൊവ്വര

ചൊവ്വര ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 12-10-2025 ഞായറാഴ്ച ഉച്ചക്ക് 3 മണിക്ക് നെടുവന്നൂർ പുത്തൻ പിഷാരത്തു രാമചന്ദ്രന്റെ വസതിയിൽ പ്രസിഡന്റ് ശ്രീ കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ കുമാരിമാർ രുദ്ര, പൂജ എന്നിവരുടെ ഈശ്വര പ്രാർത്ഥന, ശ്രീ. ശ്രീജിത്തിന്റെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു.

കഴിഞ്ഞ മാസം നമ്മെ വിട്ടു പിരിഞ്ഞ നമ്മുടെ സമുദായ അംഗങ്ങൾ, മറ്റുള്ളവർ എന്നിവരുടെ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ശ്രീ. രാമചന്ദ്രൻ സന്നിഹിതരായ എല്ലാ സ്വജനങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ ശാഖയുടെ അമ്പതാം വാർഷിക ആഘോഷത്തെ പറ്റി വിശദമായി സംസാരിച്ചു.

കൂടാതെ ഗസ്റ്റ് ഹൗസിൽ ഡെപ്പോസിറ്റ് നൽകിയവർക്ക് പലിശ കൊടുക്കുവാൻ തീരുമാനിച്ച കേന്ദ്ര കമ്മിറ്റിയെ യോഗം അഭിനന്ദിച്ചു.

കഴിഞ്ഞ മാസത്തെ റിപ്പോർട്ട്, കണക്കുകൾ എന്നിവ ശ്രീ. വിജയനും മധുവും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. പുതിയ ക്ഷേമനിധിയെ കുറിച്ചും ചർച്ച ചെയ്തു.

അമ്പതാം വാർഷികം 10-05-2026 ഞായറാഴ്ച വൈകുന്നേരം നടത്തുവാൻ തീരുമാനിച്ചു.

ശാഖയിലെ എല്ലാ കുടുംബാങ്ങളും വാർഷിക ആഘോഷത്തിൽ പങ്കെടുത്ത് ഗംഭീര വിജയമാക്കി മാറ്റണമെന്ന് യോഗം അഭ്യർത്ഥിച്ചു. പ്രസ്തുത പരിപാടിക്കായുള്ള അനുയോജ്യമായ ഹാൾ കണ്ടെത്തുന്നതിനായി കൃഷ്ണകുമാറിനെ യോഗം ചുമതലപ്പെടുത്തി. ശാഖയെപ്പറ്റിയുള്ള സുവനിയർ ഉണ്ടാക്കുവാൻ ശ്രീജിത്തിനെ ചുമതലപ്പെടുത്തി.

ഈ വർഷത്തെ ആവണംകോട് അനിയൻ ചേട്ടൻ സ്മാരക അവാർഡ് മാസ്റ്റർ സിദ്ധനാഥിന് രാമചന്ദ്രനും പെരുവാരം രാധാകൃഷ്ണൻ ചേട്ടൻ സ്മാരക അവാർഡ് കുമാരി രുദ്ര രാകേഷിനു ശ്രീ. വേണുഗോപാലും സമ്മാനിച്ചു.

ശ്രീ. കെ.പി. രവിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

## ഇരിങ്ങാലക്കുട

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ ഒക്ടോബർ മാസത്തെ കുടുംബയോഗം 12-10-2025ന് വൈകുന്നേരം 4 മണിക്ക് കാറളം ശ്രീ. രാജൻ എ. പിഷാരോടിയുടെ വസതിയായ THREE BUNGALOWS ൽ വെച്ച് പ്രസിഡണ്ടിന്റെ അഭാവത്തിൽ വൈസ് പ്രസിഡണ്ട് ശ്രീ. വി.പി. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നടന്നു.

ശ്രീമതി രശ്മി രവികാന്തിന്റെ പ്രാർത്ഥനയോടെ മീറ്റിങ്ങ് ആരംഭിച്ചു. യോഗത്തിന് എത്തിയ എല്ലാവരെയും ശ്രീ. രാജൻ പിഷാരോടി സ്വാഗതം ചെയ്തു. കഴിഞ്ഞ മാസത്തിൽ അന്തരിച്ച സമുദായ അംഗങ്ങൾക്ക് മൗനപ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ശാഖ വൈസ് പ്രസിഡണ്ട് ശ്രീ. രാധാകൃഷ്ണൻ കഴിഞ്ഞ മാസത്തിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും അവാർഡുകൾക്കും ശാഖയുടെ പേരിൽ അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു. അമ്പലവാസികളുടെ പാരമ്പര്യ തൊഴിലിടങ്ങളിൽ ദേവസ്വം ബോർഡിന്റെ അനാവശ്യമായ കൈകടത്തലുകൾ ശ്രീ കൂടൽ മാണിക്യം ക്ഷേത്രത്തിലെ കാരയ്മ കഴകത്തിന്റെ ഉദാഹരണം ചൂണ്ടിക്കാട്ടി അദ്ദേഹം വിശദീകരിച്ചു. അതുപോലെ ഇപ്പോൾ ശബരിമലയിൽ നടക്കുന്ന വിഷയങ്ങളും ചൂണ്ടിക്കാണിച്ചു. സമാജം കേന്ദ്ര കമ്മിറ്റി ഈ രണ്ട് വിഷയങ്ങളിലും ഇതുവരെയായി പത്ര, സാമൂഹ്യ മാധ്യമങ്ങളിലൂടെ ഇക്കാര്യങ്ങളിൽ സമാജത്തിന്റെ നിലപാട് അറിയിച്ചിട്ടില്ല എന്നും പല ശാഖകളിലും ഇതിനെ പറ്റി കാര്യമായ ചർച്ചകൾ നടക്കുന്നില്ല എന്നും പറഞ്ഞു. ചർച്ചക്കൊടുവിൽ വൈസ് പ്രസിഡണ്ട് പറഞ്ഞ കാര്യങ്ങൾ ശാഖയുടെ മൊത്തത്തിൽ ഉള്ള അഭിപ്രായമാണെന്നും അത് കേന്ദ്രത്തെ അറിയിക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസ യോഗത്തിന്റെ മിനിട്ട്സ് യോഗം പാസ്സാക്കി.

ട്രഷറർ തയ്യാറാക്കിയ വരവ്, ചിലവ് കണക്കുകൾ യോഗം അംഗീകരിച്ചു.

2025-26 വർഷത്തേക്കുള്ള വരിസംഖ്യ പിരിവ് ഉർജ്ജിതമായി നടക്കുന്നുണ്ടെന്നും പകുതിയലധികം മെമ്പർമാരുടെ വരിസംഖ്യ കിട്ടിയതായും ട്രഷറർ യോഗത്തെ അറിയിച്ചു.

ശാഖയുടെ 25 -26 വർഷത്തേക്കുള്ള കേന്ദ്ര

ത്തിന് നൽകേണ്ടതായ PE&WS, തുളസിദളം, സമാജം എന്നിവയുടെ വരിസംഖ്യ അതാത് ട്രഷറർമാർക്ക് ഈ മാസം തന്നെ അയച്ചു കൊടുക്കുവാൻ തീരുമാനിച്ചു.

21-09-2025ന് തൃശൂർ കൗസ്തുഭം ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ തുളസീദളം അവാർഡ്, PE & WS സ്കോളർഷിപ്പ് അവാർഡ് എന്നി ചടങ്ങിന്റെ വിശദമായ റിപ്പോർട്ട് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു.

എല്ലാവരെയും ഉൾപ്പെടുത്തി ശാഖ നടത്തുവാൻ പോകുന്ന ഒരു ദിവസത്തെ ഉല്ലാസയാത്ര നവംബർ മാസം ഒടുവിൽ ആകാമെന്നും അതിനു വേണ്ട സൗകര്യങ്ങൾ നോക്കി സ്ഥലവും തിയ്യതിയും ഉറപ്പിക്കുവാൻ ശ്രീ. മുരളി ബാല, ശ്രീമതി റാണി രാധാകൃഷ്ണൻ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ക്ഷേമ നിധി നടത്തി. അതാത് മാസങ്ങളിലെ റിപ്പോർട്ട് വെബ്സൈറ്റിലേക്ക് നേരിട്ട് അപ്‌ലോഡ് ചെയ്യാനുള്ള കാര്യങ്ങൾ എല്ലാം തയ്യാറാണെന്നും ജനറൽ സെക്രട്ടറിയുടെ approval കിട്ടുന്ന മുറയ്ക്ക് എല്ലാ ശാഖകൾക്കും കൊടുക്കുന്നതാണ് എന്നും ഭാസിരാജ് അറിയിച്ചതായി മുരളി ബാല പറഞ്ഞു.

ഇന്നത്തെ യോഗത്തിന് വേണ്ട എല്ലാ വിധ സൗകര്യങ്ങളും ചെയ്തു തന്ന ശ്രീ. രാജൻ പിഷാരോടി, വത്സല കുടുംബത്തിനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. മുരളി ബാല നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6.30 മണിക്ക് അവസാനിച്ചു.

## മുംബൈ

മുംബൈ ശാഖയുടെ 453-ാം ഭരണസമിതി യോഗം 2025 ഒക്ടോബർ 19-ന് ഓൺലൈൻ ആയി നടന്നു. യോഗം പ്രസിഡന്റ് ശ്രീ. എ.പി. രഘുപതിയുടെ അധ്യക്ഷതയിൽ ചേർന്നു. ശ്രീമതി ശ്രീദേവി വിജയന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. തുടർന്ന്, കഴിഞ്ഞ യോഗത്തിനു ശേഷം അന്തരിച്ച അംഗങ്ങൾക്കായി യോഗം അനുശോചനം രേഖപ്പെടുത്തി ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. സെക്രട്ടറി അവതരിപ്പിച്ച 2025 സെപ്റ്റംബർ 14-ന് നടന്ന 452-ാം ഭരണസമിതി യോഗത്തിന്റെ മിനുട്സ് യോഗം അംഗീകരിച്ചു.

ശ്രീ. സുനിൽ സദാനന്ദൻ പിഷാരോടി, റോഷ്നി സുനിൽ പിഷാരോടി എന്നിവരെ PE&WS ന്റെ ആജീവനാന്ത അംഗങ്ങളായി യോഗം അംഗീകരിച്ചു. ഖജാൻജി കഴിഞ്ഞ യോഗ ശേഷമുള്ള Receipt & Payment Statement അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ഇൻകം ടാക്സ് റിട്ടേൺ ഫയലിംഗ് due dateന് മുമ്പ് പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ തുടരുന്നുവെന്നും, 80-G exemption certificate പുതുക്കുന്നതിനുള്ള അപേക്ഷയും പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഖജാൻജി അറിയിച്ചു.

കലാവിഭാഗം കൺവീനർ വാർഷിക പരിപാടികളുടെ ഒരുക്കങ്ങളെപ്പറ്റി അറിയിച്ചു. ഈ വർഷം പരിപാടികളുടെ എൻട്രികൾ മികച്ച രീതിയിൽ ലഭിച്ചതായി അദേഹം അറിയിച്ചു. ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിൽ പുതിയൊരു പരിപാടി ഈ വർഷം ഉൾപ്പെടുത്തുന്നുവെന്നും അറിയിച്ചു. യോഗം ഈ നിർദ്ദേശം അംഗീകരിച്ചു, കൂടാതെ അടുത്ത യോഗത്തിന് മുമ്പ് പരിപാടികളുടെ ചാർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കലാവിഭാഗത്തെ ചുമതലപ്പെടുത്തി.

ശാഖ നൽകുന്ന വിദ്യാഭ്യാസ അവാർഡുകൾക്കായുള്ള അപേക്ഷ സമർപ്പണത്തിന്റെ അവസാന തീയതി 30-11-2025 ആയി നിശ്ചയിച്ചു. ഇക്കാര്യം എല്ലാ അംഗങ്ങളെയും അറിയിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

PP&TDT നിക്ഷേപകർക്ക് ബാക്കിയുള്ള പലിശ വിതരണം സംബന്ധിച്ച അറിയിപ്പ് ലഭിച്ചതായി സെക്രട്ടറി യോഗത്തെ അറിയിച്ചു. ശാഖയ്ക്കും ലഭിക്കേണ്ട പലിശ തുക എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട അധികാരികളെ ഓർമ്മിപ്പിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

അടുത്ത യോഗം 16-11-2025നു ഓൺലൈൻ വഴി ചേരുവാൻ തീരുമാനിച്ചു.

യോഗം സെക്രട്ടറിയുടെ നന്ദിപ്രകാശനത്തോടെ ഉച്ചയ്ക്ക് 12.45-ന് സമാപിച്ചു.

## തൃശൂർ

തൃശൂർ ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 19.10.25. ഞായറാഴ്ച കെ.ജി. ജയചന്ദ്രന്റെ വസതിയിൽ ('അദ്വൈതം', വില്ലടം) രാവിലെ 11 മണിക്ക് ശാഖാ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

പിഷാരോടി സമാജം സ്ഥാപക ജനറൽ സെക്രട്ടറിയും മുൻ കേന്ദ്ര പ്രസിഡണ്ടുമായ ശ്രീ. കെ. എ. പിഷാരോടി വിശിഷ്ടാതിഥിയായി പങ്കെടുത്തു.

കുമാരി ശ്രേയ ജയചന്ദ്രന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. നാരായണീയം 18-ാം ദശ

കം തൃപ്രയാർ തുളസി പിഷാരസ്യാർ, മുളകുന്നത്തു പിഷാരത്ത് ശൈലജ, ഉഷാ ചന്ദ്രൻ തുടങ്ങിയവർ ചേർന്ന് ചൊല്ലി. ഗൃഹനാഥൻ ശ്രീ. കെ.ജി. ജയചന്ദ്രൻ സ്വാഗതമാശംസിച്ചു.

കഴിഞ്ഞ ദിവസം അന്തരിച്ച തൃശൂർ വെളപ്പായ ആനായത്തു പിഷാരത്തു സുശീല പിഷാരസ്യാർ, നിര്യാതരായ മറ്റു സ്വജനങ്ങൾ എന്നിവർക്ക് പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

ശാഖ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ കഴിഞ്ഞ തുളസിദളം സാഹിത്യ പുരസ്കാരം, PE&WS അവാർഡു സ്കോളർഷിപ്പ് വിതരണം, തൃശൂർ ശാഖയുടെ ഓണാഘോഷം എന്നിവ വളരെ ഭംഗിയായി നടന്നു എന്നു പറഞ്ഞു. ശാഖാ പ്രവർത്തനം ഭംഗിയായി നടത്തി കൊണ്ടുപോകുവാൻ സഹായിച്ച അംഗങ്ങൾക്ക് പ്രസിഡണ്ട് നന്ദി പ്രകാശിപ്പിച്ചു.

സെക്രട്ടറി ജയദേവൻ കഴിഞ്ഞ മിനിറ്റ്സും, വൈസ് പ്രസിഡണ്ട് കഴിഞ്ഞ 6 മാസത്തെ വരവു ചെലവു കണക്കുകളും വായിച്ചത് അംഗീകരിച്ചു.

ശാഖയുടെ കീഴിലുള്ള വല്ലച്ചിറ ട്രസ്റ്റിന്റെ ഇന്നത്തെ നടത്തിപ്പ് സംബന്ധിച്ച് ജോ: ട്രസ്റ്റി ശ്രീ. എ. രാമചന്ദ്ര പിഷാരോടി വിശദീകരിച്ചു.

സ്ഥലത്തെ പറമ്പിൽ കാട് പിടിച്ച നിലയിൽ സമീപത്തുള്ളവർക്ക് ശല്യമായിത്തുടങ്ങിയിരിക്കുന്നു എന്നും കേന്ദ്രത്തിലേക്കു ട്രസ്റ്റിന്റെ കൈവശമുള്ള ഈ സ്ഥലം കൈമാറുന്നതിന് മാസങ്ങൾക്കു മുമ്പ് കത്തു നൽകിയിട്ടുണ്ട് എന്നും അദ്ദേഹം പറഞ്ഞു.

PE&WS ന് കൈമാറാൻ സാങ്കേതിക ബുദ്ധിമുട്ട് ഉള്ളതിനാൽ ഈ സ്ഥലം PP&TDT ക്ക് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് എന്നും ശ്രീ. രാമചന്ദ്ര പിഷാരോടി പറഞ്ഞു. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ. കെ.പി. ബാലകൃഷ്ണൻ, ശ്രീ. കെ.പി. ഗോപകുമാർ, ശ്രീ. രഘുനാഥ് കോലഴി, ശ്രീ. കെ.പി. ഹരികൃഷ്ണൻ എന്നിവർ അഭിപ്രായങ്ങൾ പറഞ്ഞു.

വ്യത്യസ്തമായ പല അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വന്നതിനാൽ വല്ലച്ചിറ ട്രസ്റ്റിന്റെ മാത്രമായി ഒരു മീറ്റിംഗ് നടത്തി തുടർനടപടികൾ കൈക്കൊള്ളണം എന്ന് തീരുമാനിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഹരികൃഷ്ണൻ, ഗുരുവായൂർ ഗസ്റ്റ് ഹൗസ് നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന് സഹായിച്ചവർക്ക് പലിശ കൊടുക്കുവാൻ കമ്മറ്റി തീരുമാനിച്ചിട്ടുണ്ട് അതിന്റെ നടപടികൾ ആരംഭിച്ചു എന്നും പറഞ്ഞു.

PE&WS പ്രവർത്തനങ്ങൾ, തുളസിദളം മാസിക, വെബ്സൈറ്റ് എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ജനറൽ സെക്രട്ടറി പറഞ്ഞു. ശാഖകൾ ശക്തമായാലെ കേന്ദ്ര പ്രവർത്തനം സാർത്ഥകമാവുകയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു.

പുതിയതായി രൂപകല്പന ചെയ്ത തുളസിദളം കലാ സാസ്കാരിക സമിതിയുടെ പ്രവർത്തനം എല്ലാ ശാഖകളെയും ഉൾപ്പെടുത്തി ഊർജ്ജ്വസ്വലമാക്കണമെന്ന് സമാജം പ്രസിഡണ്ട് രാമചന്ദ്ര പിഷാരടി പറഞ്ഞു.

ഇപ്പോൾ സമിതിയുടെ പ്രധാന ഭാരവാഹികൾ തൃശൂരിൽ ആകയാൽ കഴിയുന്ന വേഗത്തിൽ തന്നെ പ്രവർത്തനം നടത്തുന്നതിലേക്ക് സഹകരണം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. പറ്റുമെങ്കിൽ ഈവർഷം ഡിസംബർ മാസത്തിൽ തന്നെ ഒരു ദിവസത്തെ കലാപരിപാടികൾ സംഘടിപ്പിക്കണമെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു.

ചൊവ്വര ശാഖ അടുത്ത തവണ അമ്പതാം വാർഷികവും, അതിനടുത്ത വർഷം കേന്ദ്രം അമ്പതാം വാർഷികവും, നടത്തുന്നതിലെ ഔചിത്യക്കുറവും സാങ്കേതത്വവും ചർച്ച ചെയ്യുകയുണ്ടായി.

2002ൽ സിൽവർജൂബിലി സമയത്ത് ഈ വിഷയം വന്നപ്പോൾ ചൊവ്വര ശാഖ കേന്ദ്രത്തിനൊപ്പം 25–ാം വാർഷികം നടത്തിയ വിവരം ആ സമയത്തെ ഭാരവാഹികൾ ആയിരുന്ന ശ്രീ. കെ.എ. പിഷാരോടിയും ശ്രീ. കെ.പി. ബാലകൃഷ്ണനും പറഞ്ഞു.

കേന്ദ്ര മുൻ പ്രസിഡണ്ടും സമാജം സ്ഥാപക ജനറൽ സെക്രട്ടറിയും PET 2000 പദ്ധതിയുടെ ഉപജ്ഞാതാവുമായ ശ്രീ. കെ.എ. പിഷാരടിയെ തൃശൂർ ശാഖ ആദരിച്ചു. മുൻ കേന്ദ്ര പ്രസിഡണ്ട് ശ്രീ. കെ.പി. ബാലകൃഷ്ണൻ ശ്രീ. കെ.എ. പിഷാരോടിയെ പൊന്നാട അണിയിച്ചു.

ഈ മാസത്തെ യോഗം തന്റെ പുതിയ ഭവനത്തിൽ ഉച്ചഭക്ഷണത്തോടു കൂടി ഭംഗിയായി നടത്തുവാൻ അവസരമൊരുക്കിയ ഗൃഹനാഥൻ കെ.ജി. ജയചന്ദ്രനും പത്നി ശ്രീമതി സരിത ജയചന്ദ്രനും ശാഖയുടെ ഉപഹാരം കേന്ദ്ര പ്രസിഡണ്ട് രാമചന്ദ്രപിഷാരോടിയും ശാഖാ പ്രസിഡണ്ട്

വിനോദ് കൃഷ്ണനും ചേർന്നു നൽകി.

കഴിഞ്ഞ ക്ഷേമനിധി നീക്കിയിരിപ്പ് ശാഖയിലേക്ക് നൽകുവാൻ തീരുമാനിച്ചു. ക്ഷേമനിധി തുടർന്ന് നടത്തേണ്ടതില്ലെന്നും തീരുമാനിച്ചു.

ശ്രീ. കെ.പി. ഗോപകുമാറിന്റെ നന്ദി യോടെയും വിഭവസമൃദ്ധമായ സദ്യയോടെയും ഉച്ചയ്ക്ക് 2 മണിക്ക് യോഗം അവസാനിച്ചു.

ശാഖയുടെ നവംബർ മാസത്തെ യോഗം 16-11-2025 ഞായറാഴ്ച്ച വൈകീട്ട് 4 ന് സമാജം മുൻ ജനറൽ സെക്രട്ടറിയും പ്രസിഡണ്ടുമായ ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടിയുടെ വസതിയായ നാരായണീയത്തിൽ വെച്ച് നടത്തുന്നതാണ്. വിലാസം:- ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി, നാരായണീയം, കെ.പി. നാരായണ പിഷാരോടി റോഡ്, കാനാട്ടുകര, തൃശൂർ. ഫോൺ: 0487-2382010, 9447992027.

## കൊടകര

പിഷാരോടിസമാജം കൊടകര ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 26-10-2025 മാങ്കുറ്റിപാടം തെക്കേ പിഷാരത്ത് ടി.പി. കുഷ്ണന്റെ ഭവനത്തിൽ വെച്ച് നടന്നു. സുഭദ്ര പിഷാരസ്യാരുടെ നാരായണീയ പാരായണത്തോടെ 3.15ന് യോഗ നടപടികൾ ആരംഭിച്ചു.

കഴിഞ്ഞ മാസക്കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ സമുദായ അംഗങ്ങളുടെ ആത്മശാന്തിക്കായി മൗനം ആചരിച്ചു.

ഗൃഹനാഥൻ ടി.പി. കൃഷ്ണൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിണ്ട് ഉഷ ശ്രീധരൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഓണാഘോഷം ഭംഗിയായി നടന്നതിന്റെ സന്തോഷം പങ്കുവെയ്ക്കുകയും ശാഖയുടെ കൂട്ടായ്മയെക്കുറിച്ച് എടുത്തുപറയുകയും ചെയ്തു. ശബരിമലയാത്ര ഭംഗിയായി നടന്നതായും അദ്ധ്യക്ഷ യോഗത്തെ അറിയിച്ചു.

ശ്രീലത വിജയൻ, കെ. അരുൺ എന്നിവർ ശബരിമല യാത്രാ അനുഭവങ്ങൾ പങ്കുവെച്ചു.

ശബരിമല യാത്ര വളരെ സുഗമമായി നടത്താൻ മുൻകൈ എടുത്ത സി.പി രാമചന്ദ്രപിഷാരോടി, എം.പി. വിജയൻ എന്നിവർക്കും കെട്ടുനിറയ്ക്ക് നേതൃത്വം നല്കിയ ടി.പി കൃഷ്ണനും പ്രത്യേകം നന്ദി അറിയിച്ചു. രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച സെപ്തംബർ മാസത്തെ റിപ്പോർട്ടും എം.പി വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു.

ഓണാഘോഷ പരിപാടിയിൽ പാട്ടും ഡാൻസുമായി സജീവമായിരുന്ന സാരംഗിയുടെ പേര് കഴിഞ്ഞ റിപ്പോർട്ടിൽ വരാത്തത് പരാമർശിക്കുകയും സ്കൂൾ കലോത്സവത്തിൽ സമ്മാനങ്ങൾ നേടിയ സാരംഗി രാമചന്ദ്രന് പ്രത്യേക അഭിനന്ദനങ്ങൾ നേരുകയും ചെയ്തു.

ശേഷം നടന്ന ചർച്ചകളിൽ അംഗങ്ങളെല്ലാം സജീവമായി പങ്കെടുത്തു. ഓണാഘോഷം, ശാഖാ വാർഷികം എന്നിവ ഒരുമിച്ചു നടത്തണമെന്ന അഭിപ്രായം ചർച്ച ചെയ്തു.

ശാഖാംഗങ്ങളെ പരസ്പരം അറിയുന്നതിനും ശാഖയുടെ അഭിവൃദ്ധിയ്ക്കും കൂട്ടായ്മകൾ നല്ലതാണ് എന്ന ശാഖയിലെ മുതിർന്ന അംഗം സുഭദ്ര പിഷാരസ്യാരുടെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. അതിനാൽ ഓണാഘോഷവും, വാർഷികവും പതിവുപോലെ വേറെയായി തന്നെ നടത്തുവാൻ യോഗം തീരുമാനിച്ചു.

ഗുരുവായൂർ ഗസ്റ്റ്ഹൗസ് നിക്ഷേപകർക്ക് പലിശ തുക ആദ്യ ഗഡു കൊടുക്കാൻ തീരുമാനിച്ചത് PP&TDT വൈസ് പ്രസിഡണ്ട് ശ്രീ. രാജൻ സിത്താര യോഗത്തെ അറിയിച്ചു.

ശാഖ ഈ വർഷവും വിനോദയാത്ര പോകാൻ തീരുമാനിച്ചു. സ്ഥലങ്ങൾ പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആകാമെന്ന് തീരുമാനമെടുത്തു.

ഓണാഘോഷത്തിന്റെ ഭാഗമായുള്ള കലാകായിക പരിപാടികളിൽ പങ്കെടുത്തവർക്ക് പ്രസിഡണ്ട് സമ്മാനങ്ങൾ നൽകി.

ശ്രീമതി രേഖ രാമചന്ദ്രൻ യോഗത്തിന് എത്തിയവർക്കും യോഗം നടത്തുവാൻ സൗകര്യം ഒരുക്കി തന്ന ടി പി കൃഷ്ണനും കുടുംബത്തിനും പ്രത്യേകം നന്ദി അറിയിച്ചു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെഷന് ശേഷം 4.45ന് യോഗം അവസാനിച്ചു.

## വടക്കാഞ്ചേരി

പിഷാരടി സമാജം വടക്കാഞ്ചേരി ശാഖയുടെ വാർഷികവും അവാർഡ് വിതരണവും ഒക്ടോബർ 19ന് ഉച്ചയ്ക്ക് മൂന്നു മണിക്ക് വെങ്ങാനല്ലൂരിലുള്ള ശ്രീ.വി.പി. ഗോപിനാഥന്റെ വസതിയായ "കൗസ്തുഭ"ത്തിൽ വെച്ച് നടന്നു.

ശ്രീമതി പത്മിനി പിഷാരസ്യാർ ദീപം കൊളുത്തി. ശ്രീശൈലയുടെ പ്രാർത്ഥനയ്ക്ക് ശേഷം ഗൃഹനാഥൻ ശ്രീ. വി.പി ഗോപിനാഥൻ യോഗത്തിന് വന്നവർക്കെല്ലാം സ്വാഗതം ആശംസിച്ചു.

ശാഖാ അംഗമായിരുന്ന സരസ്വതിപിഷാരസ്യാർക്കു വേണ്ടിയും സമുദായത്തിലെ അന്തരിച്ചവർക്ക് വേണ്ടിയും മൗനപ്രാർത്ഥന നടത്തി.

പട്ടാമ്പി ശാഖയിൽ നിന്ന് ശ്രീ. വി.പി ഉണ്ണികൃഷ്ണനും പത്നിയും യോഗത്തിൽ സന്നിഹിതരായിരുന്നു.

രക്ഷാധികാരി എ.പി. രാജൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ശാഖയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും ഭാവി പരിപാടികളെ കുറിച്ചും ചർച്ച ചെയ്യാനും ശാഖ ഒരു വിനോദയാത്ര നടത്തുന്നതിനെ കുറിച്ചും ഒരു ക്ഷേമനിധി നടത്തുന്നതിനെ കുറിച്ചും ചർച്ച ചെയ്തു തീരുമാനിക്കണമെന്നും എല്ലാ മീറ്റിംഗുകൾക്കും ശാഖാംഗങ്ങളുടെ സാന്നിധ്യം (കുറഞ്ഞത് എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും) ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

തുടർന്ന് നടന്ന ചർച്ചയിൽ ശാഖയ്ക്ക് ഫണ്ട് ഉണ്ടാക്കുന്നതിനായി ഒരു ക്ഷേമനിധി തുടങ്ങുവാൻ തീരുമാനിച്ചു. വിനോദയാത്ര ഡിസംബർ മാസത്തിൽ നടത്താമെന്നും പരമാവധി അംഗങ്ങൾ പങ്കെടുക്കണമെന്നും തീരുമാനിച്ചു. അതിനുശേഷം ശ്രീ. എൻ.പി. കൃഷ്ണനുണ്ണി തൻെറ പിതാവ് ശ്രീ. രാമപിഷിരോടിയുടെ പേരിലും ശ്രീ. എം.പി. ഉണ്ണികൃഷ്ണൻ തൻെറ അമ്മമ്മ ശ്രീമതി ലക്ഷ്മിക്കുട്ടി പിഷാരസ്യാരുടെ പേരിലും സ്പോൺസർ ചെയ്ത വിദ്യാഭ്യാസ അവാർഡുകൾ കുമാരി അഖിലയ്ക്കും കുമാരി ഗാർഗിയ്ക്കും യഥാക്രമം രക്ഷാധികാരി ശ്രീ. എ.പി. രാജനും ശ്രീ. വി.പി. ഉണ്ണികൃഷ്ണപിഷാരടിയും നൽകി. സെക്രട്ടറി ശ്രീ. എം.പി. സന്തോഷ് മിനുട്സും ട്രഷറർ കണക്കും അവതരിപ്പിച്ചു. രണ്ടും പാസ്സാക്കി.

ശ്രീ. വി.പി. ഉണ്ണികൃഷ്ണപിഷാരടി പ്രോത്സാഹനമായി ശാഖയ്ക്ക് സംഭാവന തരികയും ശാഖയ്ക്ക് ആശംസകൾ നേരുകയും ചെയ്തു. പി. ബാലചന്ദ്രന്റെ നന്ദി പ്രകടനത്തോടെ യോഗം അഞ്ചു മണിക്ക് സമാപിച്ചു.

## ഗുരുവായൂർ

പിഷാരോടി സമാജം ഗുരുവായൂർ ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 18-10-2025ന് മമ്മിയൂർ ശ്രീശൈലം ഐ.പി. വിജയലക്ഷ്മിയുടെ ഭവനത്തിൽ വച്ച് നടന്നു. കുമാരി വേദിക സരീഷിന്റെ പ്രാർത്ഥനയോടെ കൃത്യം 4 മണിക്ക് യോഗം ആരംഭിച്ചു. കഴിഞ്ഞ മാസ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സമുദായ അംഗങ്ങളുടെ ആത്മശാന്തിക്കായി എല്ലാവരും മൗനം ആചരിച്ചു.

ഗൃഹനാഥൻ പി. ജയൻ യോഗത്തിനു എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് വിജയലക്ഷ്മി തന്റെ അധ്യക്ഷ പ്രസംഗത്തിൽ ഓണാഘോഷം നടത്താൻ പറ്റാത്തതിന്റെ വിഷമം അറിയിച്ചു. മറ്റുള്ള എല്ലാ ശാഖകളും ഓണാഘോഷം വളരെ ഗംഭീരമായി നടത്തി എന്നും നമ്മുടെ ശാഖക്ക് അതിനു സാധിച്ചില്ല എന്നും പറഞ്ഞു. അംഗങ്ങളുടെ സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനം വേണമെന്നും അഭിപ്രായപ്പെട്ടു.

കൂടുതൽ ആളുകൾ പങ്കെടുത്താലേ എന്തെകിലും ചെയ്യുവാൻ പറ്റുകയുള്ളു എന്ന് സെക്രെട്ടറിയും അഭിപ്രായപ്പെട്ടു. എല്ലാവരും അതിനായി പ്രവർത്തിക്കാമെന്നു മറ്റു അംഗങ്ങളും അഭിപ്രായപ്പെട്ടു. രാധിക മോഹൻദാസ് അവതരിപ്പിച്ച സെപ്റ്റംബർ മാസത്തെ യോഗ റിപ്പോർട്ടും കണക്കുകളും യോഗം അംഗീകരിച്ചു.

ക്ഷേമനിധി നറുക്കെടുപ്പ് നടത്തുകയും പുതിയ തലമുറക്ക് സമ്പാദ്യ ശീലം വളർത്തേണ്ടുന്നതിന്റെ ആവശ്യകതയെ കുറിച്ച് പ്രസിഡന്റ് സംസാരിക്കുകയും ചെയ്തു.

ശ്രീമതി മഞ്ജു കൃഷ്ണകുമാർ യോഗത്തിന് എത്തിയവർക്കും യോഗം നടത്തുവാൻ സൗകര്യം ഒരുക്കി തന്ന പി. ജയനും കുടുംബത്തിനും പ്രത്യേകം നന്ദി അറിയിച്ചു. ചായ സൽക്കാരത്തിന് ശേഷം 5.00 മണിക് യോഗം അവസാനിച്ചു.

## പാലക്കാട്

പാലക്കാട് ശാഖയുടെ സെപ്റ്റംബർ മാസ യോഗം 14-09-2025ന് സെക്രട്ടറിയുടെ ഭവനമായ അനുഗ്രഹയിൽ വച്ച് നടന്നു.

യോഗത്തിൽ മുപ്പതോളം പേർ പങ്കെടുത്തു. ഗൃഹനാഥന്റെ ഈശ്വര പ്രാർത്ഥനയ്ക്കുശേഷം യോഗത്തിൽ സന്നിഹിതരായിരുന്ന ഏവരെയും സ്വാഗതം ചെയ്തു.

അന്ന് ജന്മാഷ്ടമി ആയിരുന്നതിനാൽ ഏവർക്കും ജന്മാഷ്ടമി ആശംസകൾ നേർന്നു. കഴിഞ്ഞ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു പോയവർക്കായി മൗന പ്രാർത്ഥന നടത്തി.

പുരാണ പാരായണത്തിൽ വനിത അംഗങ്ങൾ നാരായണീയം ഭക്തിസാന്ദ്രമായി ചൊല്ലി.

അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡണ്ട് ശ്രീ. എ.പി. സതീഷ് കുമാർ ഏവർക്കും ഓണാശംസകൾ അറിയിക്കുന്നതോടൊപ്പം ശാഖയിൽ നിന്നും വിദ്യാഭ്യാസ അവാർഡുകൾ ലഭിച്ച കുട്ടികളെ അ

ഭിനന്ദിക്കുകയും ചെയ്തു.

കേന്ദ്രത്തിന്റെ അവാർഡ് വിതരണ യോഗത്തിൽ എല്ലാ കുട്ടികളും രക്ഷിതാക്കളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു.

കഴിഞ്ഞ മീറ്റിങ്ങിൽ സെക്രട്ടറി മുന്നോട്ടുവെച്ച ഓണാഘോഷ പരിപാടിയെ കുറിച്ച് നടത്തിയ ചർച്ചയിൽ മെമ്പർമാർ സജീവമായി പങ്കെടുത്തു.

ഒക്ടോബർ മാസം അവസാനത്തെ ആഴ്ചയിൽ ആഘോഷം ഓണസദ്യ അടക്കം മറ്റ് കലാപരിപാടികൾ കൂടി ഉൾപ്പെടുത്തി നടത്താമെന്ന് തീരുമാനിച്ചു. ശാഖയിൽ ധനസഹായം ലഭിക്കുന്ന ഒരാൾക്ക് ഓണപ്പുടവ കൂടി നൽകിയതായി സെക്രട്ടറി അറിയിച്ചു. കലാപരിപാടികളുടെ ഒരു ഏകദേശ രൂപം അംഗീകരിച്ചു.

അന്ന് രാവിലെ ഒരു ക്ഷേത്ര കല കൂടി അവതരിപ്പിക്കുന്നത് നന്നായിരിക്കും എന്ന് മെമ്പർമാരുടെ അഭിപ്രായത്തെ അംഗീകരിച്ചു.

ഒക്ടോബർ മാസത്തിൽ ഓൺലൈൻ ആയി ഓണാഘോഷത്തെപ്പറ്റി മീറ്റിങ്ങുകൾ നടത്താമെന്ന് ഏവരും സമ്മതിച്ചു.

സുഭാഷിതം പരിപാടിയിൽ എം.പി. രാമചന്ദ്രൻ സംസ്കൃതം ശ്ലോകം ഉദ്ധരിച്ച അർത്ഥം വിവരിച്ചു. സദസ്സിന് അറിവു പകരുന്ന ഈ പരിപാടി എല്ലാ യോഗങ്ങളിലും ഉൾക്കൊള്ളിക്കാറുണ്ട്.

ക്ഷേമനിധി നടത്തി. ഒക്ടോബറിൽ ഓണാഘോഷമായതിനാൽ യോഗം ഓൺലൈനായി നടത്താമെന്ന് തീരുമാനിച്ചു.

വൈസ് പ്രസിഡന്റ് ശ്രീ. ടി.പി. ഉണ്ണികൃഷ്ണൻ ഏവർക്കും നന്ദി പറഞ്ഞശേഷം യോഗം സമംഗളം പര്യവസാനിച്ചു.

### കോങ്ങാട്

കോങ്ങാട് ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം 04-10-2025 ശനിയാഴ്ച ഉച്ചക്ക് ഒരു മണിക്ക് ശാഖാ മന്ദിരത്തിൽ വെച്ച് പ്രസിഡന്റ് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ. കെ.പി. ഗോപാല പിഷാരോടി പ്രാർത്ഥന ചൊല്ലുകയും പുരാണ പാരായണം നിർവഹിക്കുകയും ചെയ്തു.

ശ്രീ. ഹരീഷ് വി.പി. എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

# അനന്യ സതീഷ് പിഷാരടിക്കു നൃത്ത വിഭൂഷൺ പുരസ്കാരം



**ഒ**ക്ടോബർ 25 മുതൽ 28 വരെ നാല് ദിവസങ്ങളായി ജയ്പൂരിൽ (രാജസ്ഥാൻ) നടന്ന പ്രശസ്ത അഖിലേന്ത്യ ശാസ്ത്രീയ നൃത്ത മത്സരമായ നൃത്ത്യ ആരംഭിന്റെ 19മത് എഡിഷനിൽ കുമാരി അനന്യ സതീഷ് പിഷാരോടി നൃത്ത വിഭൂഷൺ പുരസ്ക്കാരം കരസ്തമാക്കിക്കൊണ്ട് കേരളത്തിനും അതോടൊപ്പം പിഷാരോടി സമാജത്തിനും സമുദായത്തിനും അഭിമാനകരമായ നേട്ടം സമ്മാനിച്ചു.രാജ്യത്തെ പ്രശസ്തരായ നർത്തകർ പങ്കെടുക്കാൻ കൊതിക്കുന്ന നൃത്തമത്സരമാണ് വർഷം തോറും നടക്കുന്ന ഈ നൃത്ത ആരംഭ്. മോഹിനിയാട്ടം അവതരിപ്പിച്ചു കൊണ്ടാണ് അനന്യ ഈ അമൂല്യമായ നേട്ടവും അഭിനന്ദനങ്ങളും നേടിയത്.




ലോക പരിസ്ഥിതി ദിനത്തിൽ ഗുജറാത്ത് പരിസ്ഥിതി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സംസ്ഥാന തല പോസ്റ്റർ നിർമ്മാണ മത്സരത്തിൽ അനന്യ മൂന്നാം സമ്മാനം നേടിയിരുന്നു. നിരവധി പുരസ്ക്കാരങ്ങളും അംഗീകാരങ്ങളും ഇതിനകം ഈ പതിനൊന്നാം ക്ലാസ്സ് വിദ്യാർഥിനിയെ തേടിയെത്തിയിട്ടുണ്ട്. തുളസീദളം പത്രാധിപ സമിതി അംഗമായ വൈകയുടെയും (ശ്രീമതി ഗീത സതീഷ് ശുകപുരം പിഷാരം) ശ്രീ. സതീഷ് പിഷാരോടിയുടെയും (പനങ്ങാട്ടുകര പിഷാരം) മകളായ കുമാരി അനന്യക്ക് തുളസീ ദളത്തിന്റെയും പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ.

# ആദരാഞ്ജലികൾ

## രമാദേവി പിഷാരസ്യാർ

ഇന്ത്യന്നൂർ പിഷാരത്ത് രമാദേവി പിഷാരസ്യാർ (അമ്മിണി-84) 22-09-2025ന് മുംബൈ താനെയിലെ വസതിയിൽ നിര്യാതയായി. ഭർത്താവ് കരുവമ്പ്രം പിഷാരത്ത് പരേതനായ ശേഖര പിഷാരോടി. മക്കൾ: പ്രസാദ്, പ്രസന്ന. മരുമക്കൾ: പരേതനായ രാമചന്ദ്രൻ കെ.പി. സഹോദരങ്ങൾ: പരേതരായ രാധാകൃഷ്ണൻ, സരസ്വതി പിഷാരസ്യാർ.

## കൃഷ്ണകുമാരി

പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് കൃഷ്ണകുമാരി (77) 30-09-2025ന് മുംബൈ വസതിയിൽ അന്തരിച്ചു. മാതാപിതാക്കൾ പരേതരായ പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് ലക്ഷ്മിക്കുട്ടി പിഷാരസ്യാർ, ആനായത്ത് പിഷാരത്ത് ഭരതപിഷാരോടി. ഭർത്താവ് കാരക്കുറിശ്ശി വടക്കേപ്പാട്ട് പിഷാരത്ത് രാധാകൃഷ്ണൻ. മക്കൾ സന്ദീപ്, സവിത.

## സുശീല പിഷാരസ്യാർ

വെളപ്പായ ആനായത്ത് പിഷാരത്ത് സുശീല പിഷാരസ്യാർ (101) 02-10-2025ന് നിര്യാതയായി. ഭർത്താവ് അഞ്ചേരി പിഷാരത്ത് പരേതനായ ഭരത പിഷാരോടി. മക്കൾ: ഡോക്ടർ രാധാകൃഷ്ണൻ (USA). പദ്മം മാധവൻ, സത്യ ബാലചന്ദ്രൻ (USA). സഹോദരങ്ങൾ: പരേതനായ ഭരതപിഷാരോടി, പരേതനായ കരുണാകരപിഷാരോടി, നാരായണ പിഷാരോടി (കുട്ടപ്പൻ), ലക്ഷ്മിക്കുട്ടി പിഷാരസ്യാർ (ഒമാൻ).

## ടി.വി. ശോഭ

ടി വി ശോഭ (54) 02-10-25ന് നിര്യാതയായി. ഭർത്താവ് ഏറ്റുമാന്നൂർ അശോകത്ത് പിഷാരത്ത് വേണുഗോപാൽ. മക്കൾ: അർജുൻ, അഖിൽ.

## ഗോവിന്ദ പിഷാരോടി

കണ്ടിയൂർ പിഷാരത്ത് ഗോവിന്ദ പിഷാരോടി (90) 04-10-2025ന് നിര്യാതനായി. ഭാര്യ കുത്തന്നൂർ ദക്ഷിണാമൂർത്തി പിഷാരത്ത് പരേതയായ ലീല പിഷാരസ്യാർ. മക്കൾ: ജ്യോതിഷ് പിഷാരോടി, ദിനേശ് പിഷാരോടി. മരുമക്കൾ: സുമ ജ്യോതിഷ്, ഉമ ദിനേശ്.

## ശ്രീധരൻ പിഷാരോടി

തൃപ്പാളൂർ പിഷാരത്ത് ശ്രീധരൻ പിഷാരോടി (65) 19-10-2025ന് നിര്യാതനായി. ഭാര്യ ഉമാദേവി. മക്കൾ: ശ്രീരാജ്, ശ്രീജേഷ്.

---

ശ്രീ. കെ.പി. രാമചന്ദ്രൻ പിഷാരോടി വളർന്നു വരുന്ന കലാകാരൻ മാസ്റ്റർ ജിഷ്ണു മനോജിനെ അനുമോദിച്ചു. ജിഷ്ണു സോപാന സംഗീതത്തിൽ പ്രാവിണ്യം നേടിയതിന് പുറമെ അടുത്ത ദിവസം കഥകളി സംഗീതത്തിലും അരങ്ങേറ്റം നടത്തുകയുണ്ടായി.

തുടർന്ന് ഇന്ത്യനൂർ പിഷാരത്തെ രമാദേവി (അമ്മിണി) പിഷാരസ്സ്യാരുടെയും മറ്റ് സമുദായ അംഗങ്ങളൂടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും പരേതരോടുള്ള ആദര സൂചകമായി ഒരു മിനിറ്റ് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു.

പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗത്തിൽ സെപ്തംബർ മാസം 7ന് നടന്ന വർഷികത്തിന്റെയും ഓണാഘോഷത്തിന്റെയും അവലോകനം നടത്തി. പൊതുവെ പരിപാടികളെല്ലാം നന്നായിരുന്നു എന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു എന്ന് പറഞ്ഞു. മുൻ വർഷങ്ങളെ അപേക്ഷിച്ച് വാർഷികത്തിന് പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം കുറഞ്ഞതിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തു. ഇതര ശാഖാ പ്രതിനിധികളുടെ അഭാവം ചർച്ച ചെയ്തു. അടുത്ത വർഷം അങ്ങിനെ സംഭവിക്കാതിരിക്കാൻ വേണ്ടത് ചെയ്യാൻ തീരുമാനിച്ചു.

വർഷികത്തിന്റെയും സമാജമന്ദിരത്തിന്റെയും കണക്കുകൾ അവതരിപ്പിച്ചത് അംഗീകരിച്ചു.

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കോങ്ങാട് ശാഖയിൽ അക്കൗണ്ട് തുടങ്ങാൻ ഉള്ള കാര്യങ്ങളിൽ ശ്രീ. എം.പി. ഹരിദാസിന്റെ സാന്നിദ്ധ്യത്തിൽ തുടർ നടപടി എടുക്കാം എന്ന് പ്രസിഡന്റ് അറിയിച്ചു. ശ്രീ. ടി.പി. അച്യുതാനന്ദന്റെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

●

### രാധാകൃഷ്ണ പിഷാരോടി

ഋഷിനാരദമംഗലം പിഷാരത്ത് രാധാകൃഷ്ണ പിഷാരോടി (89) 07-10-2025ന് കോട്ടക്കൽ ചെറുകുന്ന് വസതിയിൽ നിര്യാതനായി. ഭാര്യ ഇന്ത്യനൂർ പിഷാരത്ത് അംബുജ പിഷാരസ്യാർ. മക്കൾ: ഗോവിന്ദ രാജൻ, ഈശ്വരി. മരുമക്കൾ: വിജയശ്രീ, രാമകൃഷ്ണൻ.

### അച്യുത പിഷാരോടി

പെരുവനം തെക്കേപിഷാരത്ത് അച്യുതപിഷാരോടി (തിരുവള്ളക്കാവ് പിഷാരം) മകന്റെ വസതിയായ കടമ്പൂർ പിഷാരത്ത് 19-10-2025ന് നിര്യാതനായി. ഭാര്യ: നിര്യാതയായ ശ്രീദേവി പിഷാരസ്യാർ. മക്കൾ: വിജയലക്ഷ്മി, ജയശ്രീ, ഹരീഷ് കുമാർ. മരുമക്കൾ: മനോഹര പിഷാരോടി, ലത. പേരക്കുട്ടികൾ: പ്രവീൺ, പ്രിയ, അക്ഷയ്, അർച്ചന.

### ദേവേശനുണ്ണി

അപ്പംകളം പിഷാരത്ത് ദേവേശനുണ്ണി (82) 29-10-2025ന് അന്തരിച്ചു. ഭാര്യ ലക്കിടി പുത്തൻ പിഷാരത്ത് രതി പിഷാരസ്യാർ. മാതാപിതാക്കൾ അപ്പംകളം പിഷാരത്ത് പരേതയായ കുഞ്ഞിലക്ഷ്മി പിഷാരസ്യാർ, ആറ്റൂർ പിഷാരത്ത് പരേതനായ ദേവേശ പിഷാരോടി. സഹോദരി നാരായണിക്കുട്ടി പിഷാരസ്യാർ.

### ഗോവിന്ദൻ

വടക്കേപ്പാട്ട് പിഷാരത്ത് ഗോവിന്ദൻ (89) 29-10-2025ന് പുഞ്ചപ്പാടം കോടർമണ്ണ സ്വവസതിയിൽ നിര്യാതനായി. സഹോദരങ്ങൾ: നളിനി, സത്യഭാമ, പരേതരായ വേണുഗോപാലൻ, സരസ്വതി, ദേവകിക്കുട്ടി, നരേന്ദ്ര നാഥൻ, കുഞ്ഞിലക്ഷ്മി.

### സതി പിഷാരസ്യാർ

പുതിയേടത്തു പിഷാരത്തു സതി പിഷാരസ്യാർ (78) (റിട്ട. കൊച്ചിൻ ദേവസ്വം ബോർഡ് സ്റ്റാഫ്) 30-10-2025ന് നിര്യാതയായി. ഭർത്താവ് കൂട്ടാല പിഷാരത്ത് ദിവാകര പിഷാരോടി. മക്കൾ: ശ്രീകുമാർ, വൃന്ദ. മരുമക്കൾ: നാരായണൻ, ഹേമ. പേരക്കുട്ടികൾ: ലക്ഷ്മി, വൈശാഖ്, അരവിന്ദ്, വൈഗ, വേദ.

### രാമൻകുട്ടി പിഷാരോടി

ചൊവ്വര എടനാട് പിഷാരത്ത് രാമൻകുട്ടി പിഷാരോടി (88 വയസ്സ്) ബാംഗ്ലൂരിൽ വെച്ച് 05-11-2025ന് അന്തരിച്ചു. ഭാര്യ: തൃക്കൂർ പിഷാരത്ത് പദ്മിനി പിഷാരസ്യാർ. മക്കൾ: ഹേമ, പരേതയായ ലത, അരുൺ. മരുമക്കൾ: പരേതനായ സൂര്യകുമാർ, നീലിമ. ●

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | |
|---|---|---|
| (1) സി.പി. ഉണ്ണികൃഷ്ണപിഷാരോടി, ഉല്ലാസ്, ചേവായൂർ, കോഴിക്കോട് | - | 10,000.00 |
| (2) കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |
| (3) പുഷ്പലത പി.പി, കോങ്ങാട് | - | 2,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**


*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. രാമചന്ദ്രൻ പിഷാരടി**
'ഉഷസ്സ്', ആനായത്ത് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ 680020
Ph: 9495131090

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, 'ചൈതന്യ', രാമപുരം പിഷാരം, രാമപുരം ശ്രീരാമക്ഷേത്രത്തിന് സമീപം, പുലക്കാട്ടുകര റോഡ്, മണലി, ചിറ്റിശ്ശേരി (പി.ഒ.), തൃശൂർ 680301
Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ – **ശ്രീ. സി.ജി. കുട്ടി**, C-1, Pearl Gardens, Near Co operative Society, Viyyur (P.O), Thrissur 680010. Ph: 9633898468

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**അജയകുമാർ എ**, "വൃന്ദാവനം", പുലാമന്തോൾ പോസ്റ്റ്, മലപ്പുറം 679323
Ph: 9946647757. Email: ajaypisharodi@gmail.com

ട്രഷറർ – **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ – 680 711. Ph: 09819512811

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ – ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ – 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ – 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# സ്മരണാഞ്ജലികൾ

## 4–ാം ചരമവാർഷികം (15.11.2025)



# എം.പി. ശ്രീധരൻ

(മണക്കുളങ്ങര പിഷാരം, കോണിക്കഴി)

ഉഷശ്രീ, അഞ്ചാംപീടിക, കണ്ണൂർ

മരണം : 15.11.2021

**സ്നേഹ സ്മരണകളോടെ**

ഭാര്യ : ഉഷ ശ്രീധരൻ

മക്കൾ : ദിവ്യ, ദീപക്

മരുമക്കൾ : രവീന്ദ്രൻ, സൂര്യ

പേരകുട്ടികൾ : ദർശന, ധീരജ്,
ദ്രുപദ്, ധന്വന്ത്, ധ്വനി

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-11-2025
November 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116
sarojhomecare@sarojahospital.com
sarojhomecare

Printed and Published by General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy